

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മുളക്കുഴ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/എ.എൽ.പി/ പി5/1274/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 15/12/2025
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുളക്കുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന

ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/എ.എൽ.പി/ പി5/1274/2025 തീയ്യതി: 15/12/2025

ആലപ്പുഴ ജില്ലയിലെ മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-10-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ

വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
സജിത ദാസ്	ഡെപ്യൂട്ടി ഡയറക്ടർ	08-10-2025	17-10-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
08-10-2025	17-10-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

മിനി പി.രാധാകൃഷ്ണൻ, ഓഡിറ്റ് ഓഫിസർ(ഹ.ഗ്രേ)
സിന്ധ്യ പി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ
ശ്രീകാന്ത് സി.എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ
ജിനിൽ ആന്റണി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
കെ.കെ സദാനന്ദൻ	പ്രസിഡന്റ്	01-04-2024	31-03-2025
ജയൻ ടി.വി	സെക്രട്ടറി	01-04-2024	14-10-2024
ലാൽ പ്രമോദ്	സെക്രട്ടറി-ഇൻ-ചാർജ്ജ്	15-10-2024	15-10-2024
എ.വി.അജി കുമാർ	സെക്രട്ടറി	16-10-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ലിസ.കെ.എസ്സ്	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	13-09-2024
ശ്രീദേവി ഒ.എ	അസിസ്റ്റന്റ് സെക്രട്ടറി(ഇൻ ചാർജ്ജ്)	14-09-2024	22-09-2024
ലാൽ പ്രമോദ്	അസിസ്റ്റന്റ് സെക്രട്ടറി	23-09-2024	17-10-2024
അനിൽ.സി.ജോർജ്ജ്	അസിസ്റ്റന്റ് സെക്രട്ടറി(ഇൻ ചാർജ്ജ്)	18-10-2024	31-10-2024
ലാലി.ഐ	അസിസ്റ്റന്റ് സെക്രട്ടറി	01-11-2024	31-03-2025
രമാദേവി.എൽ	ഹെഡ്മിസ്ട്രസ്സ്	01-04-2024	14-06-2024
ജയശ്രീ.എ	ഹെഡ്മിസ്ട്രസ്സ്	15-06-2024	31-03-2025

അജി.കെ	അസിസ്റ്റന്റ് എഞ്ചിനിയർ	01-04-2024	15-01-2025
സൂര്യ.എസ്സ്.ആർ	അസിസ്റ്റന്റ് എഞ്ചിനിയർ	16-01-2025	31-03-2025
ഗാഥ.ജി	സീനിയർ വെറ്ററിനറി സർജൻ	01-04-2024	22-07-2024
സൂര്യ.യു.കെ	സീനിയർ വെറ്ററിനറി സർജൻ	23-07-2024	30-09-2024
ജോൺ ലാലി	സീനിയർ വെറ്ററിനറി സർജൻ	01-10-2024	31-03-2025
രാജി.ആർ	മെഡിക്കൽ ഓഫിസർ(ആയുർവേദം)	01-04-2024	31-03-2025
രേവതി.യു.എസ്സ്	കൃഷി ഓഫിസർ	01-04-2024	31-03-2025
ലക്ഷ്മി.ആർ.പി	ഐ.സി.ഡി.എസ്സ്. സൂപ്പർവൈസർ	01-04-2024	31-05-2024
പുഷ്പ കുമാരി.എൽ.കെ	ഐ.സി.ഡി.എസ്സ്. സൂപ്പർവൈസർ	01-06-2024	31-03-2025
ദിവ്യ.ആർ	മെഡിക്കൽ ഓഫിസർ, പി.എച്ച്.സി	01-04-2024	12-08-2024
മേരി ഡെൽമ.പി.സി.	മെഡിക്കൽ ഓഫിസർ,പി.എച്ച്,സി	13-08-2024	17-11-2024

ജോഗേഷ് കുമാർ	മെഡിക്കൽ ഓഫിസർ, പി.എച്ച്.സി	18-11-2024	31-03-2025
നെജുമുദ്ദീൻ	വില്ലേജ് എക്സ്റ്റെൻഷൻ ഓഫിസർ, കാരക്കാട് സർക്കിൾ	01-04-2024	31-03-2025
സുരേഷ്.എസ്സ്	വില്ലേജ് എക്സ്റ്റെൻഷൻ ഓഫിസർ, മുളക്കുഴ സർക്കിൾ	01-04-2024	12-09-2024
ഗിരീഷ്.എസ്സ്	വില്ലേജ് എക്സ്റ്റെൻഷൻ ഓഫിസർ, മുളക്കുഴ സർക്കിൾ	13-09-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	വിവിധ ബാങ്ക് അക്കൗണ്ടുകൾ – ഇടപാടുകൾ ഇല്ലാതെ തുടരുന്നു	1-1-1
3	നിലവിലില്ലാത്ത അക്കൗണ്ട് വാർഷികകണക്കിൽ തുടരുന്നു	1-1-2
4	ധനകാര്യ കമ്മീഷൻ വരവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല	1-1-3
5	എസ്.ബി.ഐ ഇ-പേയ്മെന്റ് അക്കൗണ്ട് - റിക്കൺസിലിയേഷൻ പത്രിക കൃത്യമല്ല	1-1-4
6	രജിസ്റ്ററുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല	1-1-5
7	വസ്തു നികുതി സംബന്ധിച്ച കണക്കുകൾ കൃത്യമല്ല	1-1-6
8	മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -തുക കൃത്യമല്ല	1-1-7
9	ശുചിത്വമിഷൻ ഗ്രാന്റ് - നിശ്ചിത അക്കൗണ്ടിൽ സൂക്ഷിച്ചിട്ടില്ല	1-1-8
10	B-5, B-16 എന്നീ ഷെഡ്യൂളുകളിലെ തുക വ്യത്യസ്തമായി കാണുന്നു	1-1-9
11	ധനകാര്യ കമ്മീഷൻ ഗ്രാന്റ് - വാർഷിക കണക്കിലെ മുന്നിരിപ്പും ലെഡ്ജർ പ്രകാരമുള്ള മുന്നിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-10
12	ബജറ്റ്	1-2
13	സാമ്പത്തിക വിശകലനം	1-3
14	ഗ്രാന്റ് വിനിയോഗം (വാർഷിക ധനകാര്യ പത്രിക പ്രകാരം)	1-4
15	പദ്ധതി അവലോകനം	1-5
16	തൊഴിലുറപ്പു പദ്ധതി	1-6

17	ക്ഷേമപദ്ധതികൾ	1-7
18	ക്യാഷ് വെരിഫിക്കേഷൻ	1-8
19	ആഭ്യന്തര നിയന്ത്രണം	1-9
20	വസ്തുനികുതി പരിഷ്ക്കരണം പൂർത്തിയായില്ല	1-10
21	ടെലികമ്മ്യൂണിക്കേഷൻ ടവറിന്റെ വസ്തുനികുതി ചുമത്തിയില്ല	1-11
22	ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല	1-12
23	സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല	1-13
24	ലൈസൻസ് ഈടാക്കുന്നതിലെ അപാകതകൾ	1-14
25	ശുചിത്വമിഷൻ ഗ്രാന്റ് - ബാധ്യത കണക്ക് പ്രകാരമുള്ള തുകയ്ക്ക് സമാനമായി അക്കൗണ്ടിൽ നീക്കിയിരിപ്പില്ല	1-15
26	ടെണ്ടർ ഫീസ് - യഥാസമയം തനതു ഫണ്ടിൽ മുതൽക്കൂട്ടുന്നില്ല	1-16
27	ഫിറ്റ്നസ്സ് ഇല്ലാത്ത സ്കൂൾ കെട്ടിടം- നടപടികൾ അനിവാര്യം	1-17
28	എൽ.പി.സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് കായിക പരിശീലനം- സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധം	1-18
29	മഴക്കാല പൂർവ്വ (Pre-Monsoon) ശുചീകരണത്തിനായി ലഭിക്കുന്ന ഫണ്ടുകൾ യഥാവിധി ചെലവഴിക്കപ്പെടുന്നില്ല	1-19
30	മത്സ്യ വികസന ഫെഡറേഷൻ ക്ലിപ്തം- സ്ഥാപനം വാടക രഹിതമായി പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്നു	1-20
31	ആയൂർവ്വേദ ആശുപത്രിക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ-രേഖകൾ അപൂർണ്ണം	1-21
32	മെൻസ്ട്രുവൽ കപ്പ് വാങ്ങൽ-സ്റ്റോക്ക് വിതരണ വിവരങ്ങൾ പൂർണ്ണമല്ല	1-22
33	പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി -ആവശ്യമായ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല	1-23

34	എം.ജി.എൻ.ആർ.ഇ.ജി.എസ് പ്രവൃത്തികളിലെ അപാകതകൾ	1-24
35	ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികൾക്ക് എകീകൃത ബോർഡുകൾ സ്ഥാപിക്കൽ - ആദായനികുതി കുറവ് ചെയ്തില്ല	1-25
36	എൽ.പി സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം- പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ	1-26
37	ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ -മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല	1-27
38	ലൈഫ് - മുൻകൂർ കൈപ്പറ്റി മാസങ്ങൾ കഴിഞ്ഞിട്ടും വീടുപണി ആരംഭിച്ചിട്ടില്ല	1-28
39	ഫെസ്റ്റിവൽ അഡ്വാൻസ് - പൂർണമായും അഡ്ജസ്റ്റ് ചെയ്തില്ല	1-29
40	സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ - പ്രവർത്തി പൂർത്തീകരിച്ചില്ല	1-30
41	കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചില്ല	1-31
42	കുടിവെള്ള വിതരണം - ചെലവ് രേഖകൾ അപൂർണം	1-32
43	ജൽജീവൻ പദ്ധതി-അവലോകനം	1-33
44	ഹെൽത്ത് ഗ്രാന്റ് വിനിയോഗം-ഫലപ്രാപ്തി-അവലോകനം	1-34
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	കുടിവെള്ള വിതരണം - ചെലവ് രേഖകൾ അപൂർണം	3-1
ഭാഗം 4		
1	മെഡിസെപ്പ് പ്രീമിയം ഒടുക്കിയതിന്റെ വിവരം	4-1
2	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3

4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ വായ്പ തിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിയ്ക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 30.05.2025-ലെ 4 നമ്പർ കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 17.06.2025 ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മുളക്കുഴ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2025 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മന്റ് എന്നിവയും 31.03.2025 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ്

തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു

<u>വിശേഷണങ്ങളോടു കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി മുളക്കുഴ ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ട്രർ

1-1-1 വിവിധ ബാങ്ക് അക്കൗണ്ടുകൾ – ഇടപാടുകൾ ഇല്ലാതെ തുടരുന്നു

ചുവടെ ചേർക്കുന്ന ബാങ്ക് അക്കൗണ്ടുകൾ ഇടപാടുകൾ ഇല്ലാതെ തുടരുന്നു.

ബാങ്കിന്റെ പേര്	അക്കൌണ്ട് നമ്പർ	31.3.2025 ൽ നീക്കിയിരിപ്പ്
കാനറാ ബാങ്ക് GBM	997767	0
ഇന്ത്യൻ ഓവർസീസ് ബാങ്ക്, എസ്.എസ്.എ ഫണ്ട്	058801000017494	1,28,550
ഐ.ഡി.ബി.ഐ ബാങ്ക്, സ്വച്ഛ് ഭാരത് മിഷൻ	**00**29104000187909	0

മേൽ സൂചിപ്പിച്ച അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതും വാർഷിക കണക്കിലെ നീക്കിയിരുപ്പിൽ നിന്ന് ഈ അക്കൗണ്ട് ഒഴിവാക്കേണ്ടതുമാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി നമ്പർ 14/13.102025 ന് നൽകിയ മറുപടിയിൽ അപാകത സംബന്ധിച്ച വിശദാംശം പരിശോധിച്ചു വരുന്നു എന്ന് അറിയിച്ചിട്ടുണ്ട്.

1-1-2 നിലവിലില്ലാത്ത അക്കൗണ്ട് വാർഷികകണക്കിൽ തുടരുന്നു

ഡി.സി.ബി.എസ്.ബി.അക്കൗണ്ട് നമ്പർ 6269 ന്റെ പാസ് ബുക്ക് പരിശോധനയ്ക്ക് ലഭിച്ചില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി നമ്പർ 14/13.10.2025 ന് മറുപടിയിൽ ബാങ്കിലെ സോഫ്റ്റ്വെയർ അപ്ഡേഷന്റെ ഭാഗമായി ഈ അക്കൗണ്ട് കേരള ബാങ്കിലെ 125012301035299 നമ്പർ അക്കൗണ്ടായി തുടരുന്നതായും നീക്കിയിരുപ്പ് തുക 2,396 രൂപ ടി അക്കൗണ്ടിൽ വരവും വെച്ചിട്ടുണ്ട്. എന്നാൽ നിലവിലും ഈ അക്കൗണ്ട് (അക്കൗണ്ട് നമ്പർ

6269) വാർഷിക കണക്കിലെ നീക്കിയിരുപ്പിൽ ഉൾപ്പെട്ടിട്ടുണ്ട് (31.3.2025-ൽ നീക്കിയിരുപ്പ് 2,396 രൂപ). ടി അക്കൗണ്ട് വാർഷിക കണക്കിലെ നീക്കിയിരുപ്പിൽ നിന്ന് ഒഴിവാക്കേണ്ടതാണ്.

1-1-3 ധനകാര്യ കമ്മീഷൻ വരവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

ടൈഡ് ഗ്രാന്റിനത്തിൽ വന്ന 19,53,000 രൂപ ബേസിക് ഗ്രാന്റിലാണ് രസീത് ചെയ്തിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറി നമ്പർ 14/13.10.2025 ന് നൽകിയ മറുപടിയിൽ അപാകത സംബന്ധിച്ച വിശദാംശം പരിശോധിച്ച് വരുന്നതായി അറിയിച്ചു. അപാകത പരിഹരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-1-4 എസ്.ബി.ഐ ഇ-പേയ്മെന്റ് അക്കൗണ്ട് - റിക്കൻസിലിയേഷൻ പത്രിക കൃത്യമല്ല

എസ്.ബി.ഐ ഇ-പേയ്മെന്റ് അക്കൗണ്ടിലെ റിക്കൻസിലേഷൻ പത്രികയിൽ കാണിച്ചിട്ടുള്ള 27,215 രൂപയുടെ ചെക്കുകൾ പിന്നീട് അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടുള്ള വിവരം ലഭ്യമല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറി നമ്പർ 14/13.10.2025 ന് നൽകിയ മറുപടിയിൽ അപാകത സംബന്ധിച്ച വിശദാംശം പരിശോധിച്ച് വരുന്നതായി അറിയിച്ചു.

1-1-5 രജിസ്റ്ററുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല

തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്ററിൽ ഡി.സി.ബി. എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ലോൺ രജിസ്റ്ററിൽ വാർഷിക സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി നമ്പർ 14/13.10.2025 ന് നൽകിയ മറുപടിയിൽ അപാകത സംബന്ധിച്ച വിശദാംശം പരിശോധിച്ച് വരുന്നതായി അറിയിച്ചു.

1-1-6 വസ്തു നികുതി സംബന്ധിച്ച കണക്കുകൾ കൃത്യമല്ല

വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ കണക്ക് എ.എഫ്.എസ്, സഞ്ചയ എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ഡിമാന്റ് (തൻവർഷം+കുടിശ്ശിക)		കളക്ഷൻ (തൻവർഷം+കുടിശ്ശിക)		ബാലൻസ് (തൻവർഷം+കുടിശ്ശിക)	
വാർഷിക കണക്ക്	സഞ്ചയ സ്റ്റേറ്റ്മന്റ്	വാർഷിക കണക്ക്	സഞ്ചയ സ്റ്റേറ്റ്മന്റ്	വാർഷിക കണക്ക്	സഞ്ചയ സ്റ്റേറ്റ്മന്റ്
1,04,58,119	1,04,23,763	67,42,625	72,05,419	31,54,598	31,54,535

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി നമ്പർ 14/13.10.2025 ന് നൽകിയ മറുപടിയിൽ അപാകത സംബന്ധിച്ച വിശദാംശം പരിശോധിച്ച് വരുന്നതായി അറിയിച്ചു.

1-1-7 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -തുക കൃത്യമല്ല

NREGS സ്കീമിനായി തൻവർഷം PFMS ആയി 2,95,50,291 രൂപ ചെലവഴിച്ചെങ്കിലും വാർഷിക കണക്കിൽ 2,95,65,000 രൂപയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി നമ്പർ 25/17.10.25 ന് മറുപടി നൽകിയില്ല.

1-1-8 ശുചിത്വമിഷൻ ഗ്രാന്റ് - നിശ്ചിത അക്കൗണ്ടിൽ സൂക്ഷിച്ചിട്ടില്ല

ശുചിത്വമിഷൻ ഗ്രാന്റിനത്തിൽ B-4 ഷെഡ്യൂളിൽ 52,30,580 രൂപ നീക്കിബാക്കി കാണിക്കുന്നുണ്ടെങ്കിലും ശുചിത്വമിഷൻ ഗ്രാന്റിന്റെ ബാങ്ക് അക്കൗണ്ടിൽ (A/C

NO.58801000011866, ഇൻഡ്യൻ ഓവർസീസ് ബാങ്ക്) 8,99,160 രൂപയാണ് നീക്കി ബാക്കി കാണിക്കുന്നത്. ശുചിത്വമിഷൻ ഗ്രാന്റിനത്തിലെ നീക്കിബാക്കിയിലെ ബാക്കി തുക ഏത് അക്കൗണ്ടിലാണ് ഉള്ളതെന്ന വിവരവും ഇപ്രകാരം തുക മാറ്റിയിട്ടതിന്റെ കാരണവും ഓഡിറ്റിൽ വിശദീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറി നമ്പർ 25/17.10.25 ന് മറുപടി നൽകിയില്ല.

1-1-9 B-5, B-16 എന്നീ ഷെഡ്യൂളുകളിലെ തുക വ്യത്യസ്തമായി കാണുന്നു

ലോൺ ഇനത്തിലെ ആസ്തി ബാദ്ധ്യതകൾ യഥാക്രമം B-16, B-5 എന്നീ ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തിയവ തമ്മിൽ വ്യത്യാസമുണ്ട്. വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

1-1-10 ധനകാര്യ കമ്മീഷൻ ഗ്രാന്റ് - വാർഷിക കണക്കിലെ മുന്നിരിപ്പും ലെഡ്ജർ പ്രകാരമുള്ള മുന്നിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ധനകാര്യകമ്മീഷൻ ഗ്രാന്റ് ടൈഡ്, ബേസിക് എന്നിവയുടെ ലെഡ്ജർ പ്രകാരമുള്ള മുന്നിരിപ്പ്, വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള മുന്നിരിപ്പ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. ലെഡ്ജർ പ്രകാരം 67,85,331(4089763+2695568) രൂപയും വാർഷിക കണക്ക് പ്രകാരം 69,09,329 രൂപയും മുന്നിരിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.

1-2 ബജറ്റ്

2024-25 വർഷത്തെ ബജറ്റ് 13.02.2024-ലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 18.03.2025-ലെ 1(1) നമ്പർ തീരുമാനപ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്. പുതുക്കിയ ബജറ്റിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

	വരവ്	ചെലവ്
പരിഷ്കരിച്ച ബജറ്റ് പ്രകാരം	25,58,47,805	24,25,08,097

വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മന്റ്പ്രകാരം)	19,59,83,557	21,84,07,172

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	₹3,21,11,362
വരവ്	₹7,04,94,121
ആകെ	₹10,26,05,483
ചെലവ്	₹5,73,98,074
നീക്കിയിരിപ്പ്	₹4,52,07,409

1-4 ഗ്രാന്റ് വിനിയോഗം (വാർഷിക ധനകാര്യ പത്രിക പ്രകാരം)

ഫണ്ടിനം	മുന്നിരിപ്പ്	വരവ് (സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെ)	ആകെ	ചെലവ് (സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെ)	നീക്കിയിരിപ്പ്
വികസന ഫണ്ട് (ജനറൽ)	0	2,29,43,250	2,29,43,250	2,22,08,722	7,34,528 (ലാപ്സായി)
വികസന ഫണ്ട് (എസ്.സി.പി)	0	1,28,65,000	1,28,65,000	1,16,45,307	12,19,693 (ലാപ്സായി)
മെയിന്റനൻസ് ഗ്രാന്റ് (റോഡ്)	0	2,12,90,000	2,12,90,000	1,01,63,243	1,11,26,757 (ലാപ്സായി)
മെയിന്റനൻസ്ഗ്രാന്റ് (നോൺ റോഡ്)	0	52,87,000	52,87,000	46,70,699	6,16,301 (ലാപ്സായി)

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	40,89,763	58,57,000	99,46,763	15,64,715	83,82,048
പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്)	26,95,568	61,69,155	88,64,723	32,19,161	56,45,562
പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ട്രഷറി)		9,96,610	9,96,610	9,96,610	

1-5 പദ്ധതി അവലോകനം

2024-25 വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (രൂപ)	പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് (രൂപ)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
255	17,77,00,507	145	8,18,09,566	12	98	56.86%

1-6 തൊഴിലുറപ്പു പദ്ധതി

ഇനം(രൂപയിൽ)	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണ ചെലവുകൾ	8,554	15,48,558	15,57,112	15,46,889	10,223

ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത്	-	2,95,65,000	2,95,65,000	2,95,65,000	-
ആകെ	8,554	3,11,13,558	3,11,22,112	3,11,11,889	10,223

1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	67,75,400	313
വിധവാപെൻഷൻ	1,72,64,700	1029
വാർദ്ധക്യകാലപെൻഷൻ	4,22,95,200	2726
വികലാംഗപെൻഷൻ	50,43,400	215
അവിവാഹിതപെൻഷൻ	8,19,200	39
വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം	90,000	3

1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9.10.2025 തീയതിയിൽ 03:18 PM സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി പരിശോധനയിൽ 30,238 /-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് താഴെ ചേർക്കുന്ന ന്യൂനതകൾ കൂടി പരിഹരിച്ചു പോകേണ്ടതാണ്.

1. ഗ്രാമ പഞ്ചായത്തിന്റെ പ്രധാന തനതുവരുമാനമായ വസ്തുനികുതിയുടെ പരിഷ്കരണം പൂർത്തിയായിട്ടില്ല. ജി.ഐ.എസ് മാപ്പിംഗ് വിവരശേഖരണവും ഡിജിറ്റലൈസ് ചെയ്യലും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് 2023-24 വർഷം കരാർ നൽകിയെങ്കിലും ചുരുക്കം വാർഡുകളിൽ മാത്രമാണ് ഫീൽഡ് തല പരിശോധന പൂർത്തിയായിട്ടുള്ളത്. സർക്കാർ നിർദ്ദേശ പ്രകാരം 30.06.2023 നകം പൂർത്തീകരിക്കേണ്ട പ്രവൃത്തി ആദ്യഘട്ടം പോലും പിന്നിട്ടിട്ടില്ല. വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

2. ഫാമുകൾ പോലെയുള്ള സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നത് ഒട്ടും അഭികാമ്യമല്ല. സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കി നൽകി നിയമപരമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

3. മുൻ വർഷങ്ങളിൽ ലൈഫ് ഭവന നിർമ്മാണത്തിന് മുൻകൂർ ആനുകൂല്യം നൽകിയ ഗുണഭോക്താക്കൾ പണി പൂർത്തീകരിക്കാത്തതിന്മേൽ തുടർ നിരീക്ഷണം അനിവാര്യമാണ്.

4. നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിർവഹണ ഏജൻസികളുമായി കരാർ ചമച്ചശേഷം തുക നിക്ഷേപിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

5.മരാമത്ത് പ്രവൃത്തികൾ ചെയ്യുന്നതിനായി കരാറുകാർ സമർപ്പിക്കുന്ന ടെണ്ടർ വിവരങ്ങൾ രേഖപ്പെടുത്തുന്ന ടെണ്ടർ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ടെണ്ടർ ഫയലിൽ ഇത് സംബന്ധിച്ച പഞ്ചായത്ത് കമ്മറ്റി തീരുമാനങ്ങളും ടെണ്ടർവിളിക്കാനുള്ള പദ്ധതികളുടെ വിവരങ്ങളും മാത്രമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

6. മഴക്കാല പൂർവ്വശുചീകരണത്തിനായി ലഭിക്കുന്ന ഫണ്ടുകൾ യഥാസമയം ഫലപ്രദമായി

ഉപയോഗപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.
7. പഞ്ചായത്തിന്റെ ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല.
ന്യൂനതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തേണ്ടതാണ്.

1-10 വസ്തുനികുതി പരിഷ്ക്കരണം പൂർത്തിയായില്ല

സ.ഉ.(കൈ) നം.77/2023/LSGD തീയതി 22.03.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ (ക്രമ നം.10) കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്വെയറിൽ ചേർക്കേണ്ടതാണെന്നും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023 നകം പൂർത്തിയാക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ ജോലികൾ നിലവിലും പൂർത്തീകരിച്ചില്ല.
വസ്തു നികുതി പുതുക്കലുമായി ബന്ധപ്പെട്ട വിവരശേഖരണത്തിന്റെ പുരോഗതി വിലയിരുത്തുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/10.10.2025) ജി.ഐ.എസ് മാപ്പിംഗ് നടത്തുന്നതിന് ഉരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റിക്ക് കരാർ നൽകിയിട്ടുള്ളതാണെന്നും പൂർത്തീകരണ ഘട്ടത്തിലാണെന്നും മറുപടി ലഭ്യമാക്കി. ഇപ്രകാരം പരിശോധനയിൽ മാറ്റം കണ്ടെത്തിയ കെട്ടിടങ്ങളുടെ വിവരങ്ങൾ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തണ്ടതുമുണ്ട്. പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തര ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു. വാർഡുകളുടെ വിവരശേഖരണം പൂർത്തീകരിച്ച് വസ്തുനികുതി പരിഷ്കരിച്ച് വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

1-11 ടെലികമ്മ്യൂണിക്കേഷൻ ടവറിന്റെ വസ്തുനികുതി ചുമത്തിയില്ല

മൊബൈൽ ടവറുകളുടെ നിർമ്മാണത്തിനുള്ള ഇന്റിമേഷൻ എന്ന നിലക്ക് 140120108 എന്ന ഹെഡ് പ്രകാരം 10,000 /- രൂപ പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടുണ്ട്. എന്നാൽ ഓഡിറ്റ് സമയത്തും ഇവയുടെ വസ്തുനികുതി ഗ്രാമപഞ്ചായത്ത് നിർണ്ണയിച്ച് സഞ്ചയ ഡേറ്റാ ബേസിൽ ഉൾപ്പെടുത്തിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തീയതി	രസീത് നം.	തുക	തുക ഒടുക്കിയ സ്ഥാപനം
20.03.2024	1230704715	10,000	സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ്

വസ്തുനികുതി നിർണ്ണയിച്ചീടാക്കിയിട്ടുണ്ടെങ്കിൽ കെട്ടിട നമ്പർ സഹിതം റിപ്പോർട്ട് ചെയ്യാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം-10/10.10.25) കെട്ടിട നമ്പർ നൽകുന്ന നടപടികൾ ആയിട്ടില്ലെന്ന് പഞ്ചായത്ത് മറുപടി ലഭ്യമാക്കി. പ്രസ്തുത ടവർ പ്രവർത്തനക്ഷമമാണോയെന്ന് പരിശോധിച്ച് ടവറിന് വസ്തുനികുതി ചുമത്തി നികുതി ഈടാക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1-12 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204,205,1996-ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ, സ്വകാര്യമായ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. പഞ്ചായത്തിലെ 2024-25 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും റിട്ടേണുകളും എഗ്രിമെന്റ് രജിസ്റ്ററും പരിശോധിച്ചതിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചുവടെ പട്ടികയിൽ നൽകിയിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും അർദ്ധവർഷത്തെ അടിസ്ഥാനപ്പെടുത്തി തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ക്രമ നം.	സ്ഥാപനത്തിന്റെ വിശദാംശം	തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധ

		വർഷം
1	എസ്.എച്ച്.വി ഹൈസ്കൂൾ കാരക്കാട്	II
2	പ്രഗതി വിദ്യാ മന്ദിർ	II
3	മുളമൂട്ടിൽ ഫിനാൻസേഴ്സ് ലിമിറ്റഡ്	II
4	കെ.എസ്.ഇ.ബി	II
5	അനുപമ ഫ്യൂവൽസ്	II
6	വില്ലേജ് ഓഫീസ്, മുളക്കുഴ	II
7	സെന്റ് ഗ്രീഗോറിയസ് സീനിയർ സെക്കന്ററി സ്കൂൾ	II
8	മൌണ്ട് സിയോൺ സയൻസ് & ടെക്നോളജി കൊഴുവല്ലൂർ	II
9	മുളമൂട്ടിൽ ഫിനാൻസ് കോട്ട	II
10	മോഡേൺ ഹോമിയോ	II
11	കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്	I
12	എവീസ് ഫുഡ്സ് റീട്ടെയിൽ സെന്റർ	I & II

13	സെഞ്ചറി ഹോസ്പിറ്റൽ, മുളക്കുഴ	I & II
14	പണിക്കേഴ്സ് ഗ്രാനൈറ്റ്സ്	I & II
15	ഇറപ്പുഴ ഫ്യൂവൽസ്-നയാറാ എനർജി ലിമിറ്റഡ്	I & II
16	ഇന്ത്യൻ ഓയിൽ അരീക്കര	I & II
17	രാജ് മാർബിൾസ് ആൻഡ് ഗ്രാനൈറ്റ്സ്	I & II

കൂടാതെ ഓഡിറ്റിന് സമർപ്പിച്ച തൊഴിൽ നികുതി സംബന്ധിച്ച ഫയലിൽ എല്ലാ റിട്ടേണുകളും ഉൾപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിനു പകരമായി എക്സൽ ഫോർമാറ്റിലുള്ള പ്രിന്റഡ് കോപ്പികളാണ് ഹാജരാക്കിയത്. ഇതും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയതല്ലായിരുന്നു. തൊഴിൽ നികുതി ശരിയായി ഡിമാൻഡ് ചെയ്തതിനും കളക്ഷൻ കൃത്യമായി നടന്നുവെന്നതിനും ആധികാരികമായി സ്ഥിരീകരിച്ച രേഖകൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻകൃയറിക്ക്(നം. 13/21.06.2025) മറുപടി നൽകിയില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-13 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

മുളക്കുഴ ഗ്രാമ പഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ സ്ഥാപന നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങൾ വിവിധ അർദ്ധ വർഷങ്ങളിൽ സ്ഥാപന നികുതി ഒടുക്കിയതായി കാണുന്നില്ല.

ക്രമ നം.	സ്ഥാപനം	അർദ്ധവർഷം

1	എസ്.ബി.ഐ, കാരക്കാട്	ഒന്നാം അർദ്ധവർഷം
2	എസ്.ബി.ഐ കൊഴുവല്ലൂർ	ഒന്നാം അർദ്ധവർഷം
3	ഫെഡറൽ ബാങ്ക്, മുളക്കുഴ	ഒന്നാം അർദ്ധവർഷം
4	മുളക്കുഴ സർവീസ് കോർപ്പറേറ്റീവ് ബാങ്ക്	ഒന്നാം അർദ്ധവർഷം
5	മുത്തൂറ്റ് ഫിൻ കോർപ്പ് ലിമിറ്റഡ് ,പിരളശ്ശേരി	ഒന്നാം അർദ്ധവർഷം
6	മുത്തൂറ്റ് മൈക്രോ ഫിൻ കോർപ്പ് ലിമിറ്റഡ്, കാരക്കാട്	രണ്ടു അർദ്ധവർഷങ്ങളിലും
7	മുത്തൂറ്റ് മൈക്രോ ഫിനാൻസ് ലിമിറ്റഡ്, കാരക്കാട്	രണ്ടാം അർദ്ധവർഷം
8	ഫിനോവെസ്റ്റ്	ഒന്നാം അർദ്ധവർഷം
9	മുളമൂട്ടിൽ ഫിനാൻസേഴ്സ് ലിമിറ്റഡ്	രണ്ടാം അർദ്ധവർഷം
10	ചെങ്ങന്നൂർ താലൂക്ക് മാർക്കറ്റിംഗ് പ്രോസസ്സിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി	രണ്ടു അർദ്ധവർഷങ്ങളിലും

11	മുളമൂട്ടിൽ ഫിനാൻസ്	രണ്ടു അർദ്ധവർഷങ്ങളിലും
12	കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്	രണ്ടു അർദ്ധവർഷങ്ങളിലും
13	Arkay ARC IND ലിമിറ്റഡ്, കാരക്കാട്	രണ്ടു അർദ്ധവർഷങ്ങളിലും
14	റിലയൻസ് ആർ ആർ എൽ, പിരളശ്ശേരി	രണ്ടു അർദ്ധവർഷങ്ങളിലും
15	പ്രഭുറാം മിൽസ്	രണ്ടു അർദ്ധവർഷങ്ങളിലും

സ്ഥാപന തൊഴിൽ നികുതി ഒടുക്കാത്തതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് എൻകയറിക്കു (നം.12/10.10.2025) മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി ഈടാക്കാനവശേഷിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും അർദ്ധവർഷത്തെ അടിസ്ഥാനമാക്കി നികുതി ഈടാക്കേണ്ടതാണ്.

1-14 ലൈസൻസ് ഈടാക്കുന്നതിലെ അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമം 232-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്തിന്റെ അനുമതിയില്ലാതെ മേൽ ചട്ടത്തിലെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള യാതൊന്നും തന്നെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കാൻ പാടില്ല. 2024-25 വർഷത്തെ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവയുടെ പരിശോധനയിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ കാണുന്നു.

1) പഞ്ചായത്ത് പരിധിയിലെ മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിച്ചിട്ടില്ല

ഹരിതമിത്രം ആപ്പിലെ കണക്കുപ്രകാരം പഞ്ചായത്ത് പരിധിയിൽ 555 വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം 2024-25 വർഷത്തിൽ 350 സ്ഥാപനങ്ങൾക്ക് മാത്രമാണ് ലൈസൻസ് അനുവദിച്ചിരിക്കുന്നത്. പഞ്ചായത്തിന്റെ അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കാൻ പാടില്ല.

2) ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് ഇല്ലാതെ ലൈവ്സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കാൻ പാടില്ല. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിന്റെ പരിധിയിൽ 16 ലൈവ്സ്റ്റോക്ക് ഫാമുകളുണ്ട്. ലൈസൻസ് രജിസ്റ്ററിൽ ഇവയ്ക്കാന്നും ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല. ഈ ഫാമുകളിൽ ലൈസൻസിനു ആവശ്യമായ മൃഗങ്ങൾ ഉണ്ടോയെന്നു കണ്ടെത്തി ലൈസൻസ് അനുവദിക്കേണ്ടതാണ്.

3) വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254, കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് ഇല്ലാതെ നായകളെ വളർത്താൻ പാടില്ല. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിന്റെ പരിധിയിൽ ഉള്ള 1250 വളർത്തു നായകളിൽ ലൈസൻസ് രജിസ്റ്റർ പ്രകാരം ആകെ 290 നായകൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. എല്ലാ വളർത്തു നായകൾക്കും വാക്സിനേഷൻ നൽകുന്നതിനായി ക്യാമ്പ് നടത്തി ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

4) അപേക്ഷകളിൽ തൊഴിലാളികളുടെ എണ്ണം, മൂലധനം നിക്ഷേപം തുടങ്ങിയ വിവരങ്ങൾ ലഭ്യമല്ല

2024-25 വർഷത്തെ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ മിക്ക അപേക്ഷകളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം, മൂലധനം നിക്ഷേപം, മാലിന്യങ്ങൾ നീക്കം ചെയ്യാൻ സംവിധാനം ഒരുക്കിയതിന്റെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. മൂലധനം നിക്ഷേപം രേഖപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീസ് നിർണയിച്ച് ഈടാക്കിയത് ക്രമപ്രകാരമാണോയെന്ന് വിലയിരുത്തുന്നതിന് സാധിച്ചിട്ടില്ല.

കൂടാതെ ലൈസൻസ് രജിസ്റ്ററിൽ ഡി.സി.ബി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

മേൽ അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/16.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

ലൈസൻസ് സംബന്ധിച്ച അപേക്ഷകൾ സ്വീകരിക്കുന്ന സമയത്തുതന്നെ രേഖപ്പെടുത്തലുകൾ പൂർണ്ണമാണോ എന്ന് പരിശോധിച്ച ശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതിനും ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിലും ശ്രദ്ധിക്കേണ്ടതാണ്.

1-15 ശുചിത്വമിഷൻ ഗ്രാന്റ് - ബാധ്യത കണക്ക് പ്രകാരമുള്ള തുകയ്ക്ക് സമാനമായി അക്കൗണ്ടിൽ നീക്കിയിരിപ്പില്ല

വാർഷികകണക്ക് പരിശോധിച്ചതിൽ, ശുചിത്വമിഷൻ ഗ്രാന്റിനത്തിൽ B-4 ഷെഡ്യൂളിൽ 52,30,580 രൂപ ഗ്രാമപഞ്ചായത്തിന് ബാധ്യത കാണിക്കുന്നുവെങ്കിലും ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിൽ (A/C NO.58801000011866) ആകെ 8,99,160 രൂപയാണ് നീക്കി ബാക്കി കാണിക്കുന്നത്. ശേഷിച്ച തുക ഏത് അക്കൗണ്ടിലാണ് ഉള്ളതെന്ന വിവരവും തുക മറ്റേതെങ്കിലും അക്കൗണ്ടിൽ മാറ്റിയിട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണവും വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം.25 തീയതി 17.10.2025)

മറുപടി ലഭിച്ചില്ല. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ഫണ്ടുകൾ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിച്ചതിനാലോ, അക്കൗണ്ടിൽ ചെലവ് നടത്തപ്പെട്ടിട്ടുണ്ടെങ്കിലും അത് ശരിയായ അക്കൗണ്ട് ചെയ്യപ്പെടാത്തതിനാലോ ആണ് ഇങ്ങനെ സംഭവിച്ചിട്ടുള്ളത്.

പ്രത്യേക ആവശ്യങ്ങൾക്കായി ലഭിക്കുന്ന ഫണ്ടുകൾ ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിച്ച് ചെലവഴിക്കുന്നതിനും മറ്റ് ആവശ്യങ്ങൾക്കായി വകമാറ്റി ചെലവഴിക്കുകയോ ചെയ്യരുത്. B-4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരുപ്പ്, ശുചിത്വമിഷൻ ഗ്രാന്റിന്റെ ബാങ്ക് അക്കൗണ്ടിലെ നീക്കിയിരുപ്പ് എന്നിവ തമ്മിലുള്ള വ്യത്യാസത്തിന്റെ കാരണം പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 ടെണ്ടർ ഫീസ് - യഥാസമയം തനതു ഫണ്ടിൽ മുതൽക്കൂട്ടുന്നില്ല

ഇ-ടെണ്ടർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് (2016-17 മുതൽ 2020-21 വരെ) എൽ.എസ്.ജി.ഡി. ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൌണ്ടിലായിരുന്നു ഒടുക്ക് വരുത്തിയിരുന്നത്. തനതു വരുമാനമാകയാൽ, എൻ.ഐ.സി മുഖേന പ്രസ്തുത അക്കൗണ്ടിൽ നേരിട്ട് ക്രഡിറ്റ് വന്ന തുകകൾ തിരികെ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണ്. മേൽസൂചിപ്പിച്ച പ്രകാരം തനതുഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത തുകയുടെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ടും നിലവിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ഓൺ ലൈൻ ടെണ്ടർ ഫീസ് പേയ്മെന്റിനായി ആരംഭിച്ച അക്കൌണ്ടിൽ നിന്നും തനത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ള തുകയുടെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ടും നൽകിയ ഓഡിറ്റ് എൻകയറി (നം.2 തീയതി 8.10.2025)യ്ക്ക്, 01.04.2016 മുതൽ 31.03.2017 വരെ എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുക തനതുഫണ്ടിലേക്ക് റികൂപ്പ് ചെയ്തിട്ടുണ്ടെന്നും 2018-19 മുതൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള

അക്കൗണ്ടിലാണ് ടെണ്ടർ ഫീസ് ഒടുക്കി വരുന്നതെന്നും 01.04.2018 മുതൽ 16.10.2025 വരെ ടെണ്ടർ ഫീസ് ഇനത്തിൽ 5,01,944/-രൂപ തനതു ഫണ്ടിലേക്ക് മാറ്റേണ്ടതുണ്ടെന്നും മറുപടിയിൽ അറിയിച്ചു.
എന്നാൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും റികൂപ്പ് ചെയ്ത തുക സംബന്ധിച്ച വിശദാംശം മറുപടിയിൽ ഉൾപ്പെടുത്തിയിരുന്നില്ല.
ഇ-ടെണ്ടർ ഫീസുകൾ സ്വീകരിക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ആരംഭിച്ച അക്കൗണ്ട് കറന്റ് അക്കൗണ്ട് ആണ്. പലിശരഹിതമായ ഈ അക്കൗണ്ടിൽ സൂക്ഷിക്കുന്ന പണം യഥാസമയം തനതുഫണ്ടിലേക്ക് മാറ്റി നിക്ഷേപിക്കേണ്ടതാണ്. അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും 5,01,944/-രൂപ തനതു ഫണ്ടിലേക്ക് മാറ്റുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-17 ഫിറ്റ്നസ്സ് ഇല്ലാത്ത സ്കൂൾ കെട്ടിടം- നടപടികൾ അനിവാര്യം

സ്കൂളുകൾ, അങ്കണവാടികൾ എന്നിവയ്ക്ക് ഫിറ്റ്നസ്സ് നൽകുന്നതുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെട്ട എല്ലാ വിദ്യാലയങ്ങൾക്കും അങ്കണവാടികൾക്കും ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോ, ഫിറ്റ്നസ്സ് ലഭിക്കാത്ത സ്കൂളുകൾ, അങ്കണവാടികൾ എന്നിവയുടെ വിവരം, ഫിറ്റ്നസ്സ് നൽകാത്തതിന് കാരണം, ഫിറ്റ്നസ്സ് ലഭിക്കാത്ത സ്കൂളുകൾ നിലവിലും പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിവരം എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻകുയറി (നം.3 തീയതി 08.10.2025) നൽകിയിരുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ മേൽ വിഷയം സംബന്ധിച്ച് ലഭ്യമാക്കിയ മറുപടിയിൽ അപേക്ഷ സമർപ്പിച്ച എല്ലാ സ്കൂളുകൾക്കും അങ്കണവാടികൾക്കും ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെന്നും ഗവ. എൽ.പി.എസ്. അരീക്കര ഈസ്റ്റ് സ്കൂൾ മാത്രമാണ് അൺഫിറ്റായിട്ടുള്ളതെന്നും ആകയാൽ വാടക കെട്ടിടത്തിലാണ് സ്കൂൾ പ്രവർത്തിക്കുന്നതെന്നും അറിയിച്ചു. 2022-23 വർഷം മുതൽ കെട്ടിടം അൺഫിറ്റാകയാൽ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ലായെന്നതിന്റെ വിവരങ്ങളും മറുപടിയോടൊപ്പം ലഭ്യമാക്കി.

ഗവ.എൽ.പി.എസ് അരീക്കര ഈസ്റ്റ് സ്കൂൾ കെട്ടിടവും അടുക്കളയും കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലാണെന്നും ആയത് പൊളിച്ച് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുമാവശ്യപ്പെട്ട് സ്കൂൾ ഹെഡ്മിസ്ട്രസ് നിരവധി പഞ്ചായത്ത് കമ്മറ്റികളിൽ അപേക്ഷ നൽകിയിട്ടുണ്ട്. മാത്രമല്ല വർഷങ്ങളായി വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നത് പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നു. സ്കൂളിന്റെ സ്ഥലവും ദേവസ്വം സ്ഥലവും പരസ്പര കൈമാറ്റത്തിന് സർക്കാർ അനുമതിക്കായുള്ള നടപടികൾ വൈകുന്നതാണ് സ്കൂൾ കെട്ടിടനിർമ്മാണത്തിന്റെ തുടർ നടപടികൾ വൈകുന്നതിന് കാരണം. ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും ദേവസ്വം കമ്മീഷണറേയും സമീപിച്ച് അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-18 എൽ.പി.സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് കായിക പരിശീലനം- സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

പ്രോജക്ട് നം.	S0093/25
പദ്ധതിയുടെ പേര്	എൽ.പി.സ്കൂൾ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് കായിക പരിശീലനം
നിർവ്വഹണം.	ഹെഡ്മാസ്റ്റർ, ഗവ എൽ.പി.എസ്
അടങ്കൽ	₹1,00,000/-വികസന ഫണ്ട് -ജനറൽ
ചെലവ്	₹44,300 /- (വികസന ഫണ്ട്)

മുളക്കുഴ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ " എൽ.പി.സ്കൂൾ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് കായിക പരിശീലനം " പദ്ധതിയിൽ താഴെ ചേർത്തിട്ടുള്ള ബില്ലുകൾ പ്രകാരം തുക മാറി നൽകിയിട്ടുണ്ട്.

ബി.ആർ.എൻ നം.		
240702520079015473 54/15.03.2025 ആകെ 44,300/-	സ്റ്റേജ്, സൌണ്ട് (അനന്തു)	3,500 /-
	കായിക അധ്യാപകനു വേതനം(ജയശ്രീ)	12,500 /-
	ഭക്ഷണം(മുരുകൻ)	28,300 /-

ഹെഡ്മാസ്റ്റർ, ഗവ എൽ.പി.എസ് നിർവഹണം നടത്തിയ പ്രോജക്ടിൽ ഗ്രാമപഞ്ചായത്തിലെ വിവിധ എൽ.പി.സ്കൂളുകളിൽ നിന്നുള്ള 71 വിദ്യാർത്ഥികൾക്ക് ജനുവരി മാസം 21,22,23,24 തിയതികളിൽ കായിക പരിശീലനം നൽകിയ വകയിൽ തുക ചെലവഴിച്ചിട്ടുണ്ട്. 28.05.2022-ലെ സ.ഉ(കൈ)നം.115/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാർഗരേഖ ഉത്തരവ് പ്രകാരം (ഖണ്ഡിക 7.4.2) ജില്ല പഞ്ചായത്തുകളുടേയും നഗരഭരണ സ്ഥാപനങ്ങളുടേയും ചുമതലയുള്ള അപ്പർ പ്രൈമറി / ഹൈസ്കൂൾ/ഹയർ സെക്കന്ററി സ്കൂളുകളിൽ കായിക അധ്യാപകരില്ലെങ്കിൽ കരാറടിസ്ഥാനത്തിൽ ഒരു അദ്ധ്യയന വർഷം പരമാവധി 10 മാസക്കാലയളവിലേയ്ക്ക് പ്രതിമാസം 15,000 രൂപ ക്രമത്തിൽ ബി.പി.എഡ്/ എം.പി.എഡ് തത്തുല്യ യോഗ്യത ഉള്ളവരെ നിയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ സ.ഉ.(സാധാ) നം.1528/2023/LSGD തീയതി 26.07.2023 കായിക അധ്യാപകരുടെ യോഗ്യതകൾ, വേതനം, സെക്ഷനുകളുടെ ദൈർഘ്യം തുടങ്ങിയവയെ കുറിച്ച് വിശദീകരിക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്തിലുള്ള എൽ.പി.സ്കൂളുകളിൽ ഇപ്രകാരം പരിശീലിപ്പിച്ച കായിക അധ്യാപകരുടെ യോഗ്യതാ രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറി(നം.7/10.10.2025)യ്ക്ക് ഗ്രാമ പഞ്ചായത്ത് സമിതി, ഉപജില്ലാ വിദ്യാഭ്യാസ ഓഫിസർ, ജില്ലാ ആസൂത്രണ സമിതി എന്നിവയുടെ അംഗീകാരം ലഭിച്ചിട്ടുള്ള പദ്ധതി പഞ്ചായത്ത് സമിതി തീരുമാനവും നിർദ്ദേശപ്രകാരവുമാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും കമ്മറ്റിയുടെ തീരുമാന പ്രകാരമാണ് അധ്യാപകരെ

പരിശീലനത്തിന് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും സർക്കാരിൽ നിന്നും സാധൂകരണം വാങ്ങുന്നതിന് പഞ്ചായത്ത് കമ്മിറ്റിയോട് നിലവിൽ ആവശ്യപ്പട്ടിട്ടുള്ളതായും മറുപടിയിൽ അറിയിച്ചു. സർക്കാരിൽ നിന്നുള്ള സാധൂകരണം ലഭ്യമാകുന്നതുവരെ ഇതിനായി ചെലവഴിച്ച 44,300/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-19 മഴക്കാല പൂർവ്വ (Pre-Monsoon) ശുചീകരണത്തിനായി ലഭിക്കുന്ന ഫണ്ടുകൾ യഥാവിധി ചെലവഴിക്കപ്പെടുന്നില്ല

മഴക്കാല പൂർവ്വ (Pre-Monsoon) ശുചീകരണത്തിനായി തൻവർഷം വാർഡ് ഒന്നിന് 20,000/-രൂപ വീതം 18 വാർഡുകൾക്കായി 3,60,000/-രൂപ നൽകിയിട്ടുണ്ട്. ഓരോ വാർഡ് സാനിറ്റേഷൻ സമിതിയുടെ ചെലവ് രേഖകൾ (വൗച്ചർ, ബാങ്ക് പാസ്സ് ബുക്കുകൾ എന്നിവ) പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. വാർഡ് -12 ന്റെ എസ്.ബി.ഐ കൊഴുവല്ലൂർ ശാഖയിലെ പാസ്സ് ബുക്ക് അക്കൗണ്ട് (നം. 67039511301) പ്രകാരം മഴക്കാല പൂർവ്വ ശുചീകരണ ആവശ്യങ്ങൾക്കായി 20,000/-രൂപ 8.05.2024 -ൽ ക്രഡിറ്റായിട്ടുണ്ട്. ടി തുക 17.05.2024-ലെ ചെക്ക് നം. 109777 പ്രകാരം ബാങ്ക് അക്കൗണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. എന്നാൽ ശുചീകരണ പ്രവർത്തനങ്ങളുടെ വാർഡ് തല കമ്മറ്റി കൺവീനർ കൂടിയായ ജെ.എച്ച്.ഐ സാക്ഷ്യപ്പെടുത്തിയ 10,000/- രൂപയുടെ ചെലവ് വൗച്ചറുകൾ മാത്രമേ പരിശോധനയ്ക്ക് ലഭ്യമാക്കിയുള്ളൂ. ശേഷിച്ച 10,000/- രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ഓഡിറ്റ് എൻകയറി മുഖാന്തിരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമായില്ല.

2. വാർഡ് -10 ന്റെ എസ്.ബി.ഐ.കൊഴുവല്ലൂർ ശാഖയിലെ പാസ്സ് ബുക്ക് അക്കൗണ്ട് (നം. 67039511232)പ്രകാരം 2,000/-രൂപ, 18,000/-രൂപ എന്നിങ്ങനെ ആകെ 20,000/-രൂപ മഴക്കാല പൂർവ്വ ശുചീകരണ ആവശ്യങ്ങൾക്കായി 8.05.2024-ൽ ക്രഡിറ്റായിട്ടുണ്ട്. ടി തുക 19.09.2024-ലെ ചെക്ക് നം. 101836 പ്രകാരം ബാങ്ക് അക്കൗണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. എന്നാൽ ശുചീകരണ പ്രവർത്തനങ്ങളുടെ വാർഡ് തല കമ്മറ്റി കൺവീനർ കൂടിയായ ജെ.എച്ച്.ഐ സാക്ഷ്യപ്പെടുത്തിയ 10,000/- രൂപയുടെ ചെലവ് വൗച്ചറുകൾ മാത്രമാണ് പരിശോധനയ്ക്ക്

നൽകിയത്. പ്രി-മൺസൂൺ ശുചീകരണത്തിനായി ലഭിച്ച ഫണ്ട് യഥാസമയം വിനിയോഗിക്കാതെ 09/2024 വരെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചതിനുശേഷമാണ് ചെലവാക്കപ്പെടുന്നത്. മഴക്കാലങ്ങളിൽ ഉണ്ടാകുന്ന സാംക്രമിക രോഗങ്ങളെ പ്രതിരോധിക്കാൻ മുൻകരുതൽ എന്ന വിധത്തിൽ ചാലുകൾ, കനാലുകൾ, കൽവെർട്ടുകൾ, സൈഡ് ഡ്രെയ്നുകൾ എന്നിവയുടെ ശുചീകരണം നടത്തുക, വെള്ളക്കെട്ടുകൾ ഉണ്ടാകാതെ ഒഴുക്കിനെ തടസ്സപ്പെടുത്തുന്ന കാടുകൾ വെട്ടിതെളിക്കുക, പൊതു സ്ഥലങ്ങൾ മഴക്കാലത്തിന് മുന്നോടിയായി വൃത്തിയാക്കുക എന്നീ പ്രവർത്തികൾ സമയബന്ധിതമായി ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

3. വാർഡ് -15-ന്റെ എസ്.ബി.ഐ. കാരക്കാട് ശാഖയിലെ പാസ്സ് ബുക്ക് അക്കൗണ്ട് (നം. 67039589378) പ്രകാരം 8.05.2024 ൽ ശുചീകരണ ആവശ്യങ്ങൾക്കായി 20,000/-രൂപ ക്രഡിറ്റായിട്ടുണ്ട്. ലഭ്യമാക്കിയ പാസ്സ് ബുക്ക് (10.10.2025 ൽ ഇഷ്യു ചെയ്ത) അനുസരിച്ച് 28.05.2024-ൽ പലിശ ഉൾപ്പടെ 24,035/-രൂപ അക്കൗണ്ടിൽ നീക്കിയിരുപ്പുണ്ട്. ചെക്ക് നം. 000932805/29/05/2024 പ്രകാരം 10,000/- രൂപ, ചെക്ക് നം.000932806/29/05/2024 പ്രകാരം 10,000/- രൂപ എന്നിങ്ങനെ ആകെ 20,000/-രൂപ ബാങ്ക് അക്കൗണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. എന്നാൽ ഹാജരാക്കിയ വൗച്ചറുകളൊന്നും ശുചീകരണ പ്രവർത്തനങ്ങളുടെ വാർഡ് തല കമ്മറ്റി കൺവീനർ കൂടിയായ ജെ.എച്ച്.ഐ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഹാജരാക്കിയ വൗച്ചറുകൾ 09.06.24 ലെ ജെ.സി.ബി പ്രവർത്തിപ്പിച്ചതിന്റെ പ്രതിഫലം, 20.06.2024 ലെ റിഫ്രഷ്മെന്റ് ചെലവ്(ശുചീകരണവുമായി ബന്ധപ്പെട്ടിട്ടുള്ളതാണോയെന്ന് വ്യക്തമാക്കിയിട്ടില്ല), 01.09.24 ലെ ആര്യ ബിൽഡേഴ്സ് & കൺസ്ട്രക്ഷൻസിന്റെ ലെറ്റർ പാഡിലുള്ള 14,000/- രൂപയുടെ ശുചീകരണ ആവശ്യങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള വൗച്ചർ എന്നിവയാണ്. മസ്റ്റർ റോളോ, തുക കൈപ്പറ്റിയതിന്റെ വിവരങ്ങളോ ഒന്നും ഫയലിനൊപ്പം ലഭ്യമാക്കിയിട്ടില്ലാത്തതും Pre-Monsoon ശുചീകരണത്തിനായി ലഭിച്ച ഫണ്ട് പിൻവലിച്ച് ഉപയോഗിക്കാതെ 09/2024 ൽ മാത്രമാണ് 14,000/- രൂപ ചെലവഴിച്ചിട്ടുള്ളത്. മേൽ അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി ഓഡിറ്റ് എൻകുയറി (നം.20 തീയതി 16.10.2025) നൽകി. എൻകുയറിക്ക് ലഭിച്ച മറുപടിയിൽ 01.09.2025 നാണ് വൗച്ചറുകൾ സാക്ഷ്യപ്പെടുത്തി നൽകുന്നതിനായി ജെ.എച്ച്.ഐ.ക്ക്

ലഭിച്ചിട്ടുള്ളതെന്നും ആകയാൽ ചെലവ് സംബന്ധിച്ച ആധികാരികത കമ്മറ്റി അംഗീകരിച്ചു നൽകണമെന്ന് ജെ.എച്ച്.ഐ. ആവശ്യപ്പെട്ടിരുന്നുവെങ്കിലും ചെലവുകൾ കമ്മറ്റി അംഗീകരിച്ച് നൽകിയില്ലാത്തതിനാലാണ് വൗച്ചറുകൾ സാക്ഷ്യപ്പെടുത്താത്തതെന്നും അറിയിച്ചു. ചെലവുകൾ തുടർന്ന് കമ്മറ്റി അംഗീകരിച്ച് നൽകാത്തതിന് കാരണം എൻകയറി മുഖേന ആവശ്യപ്പെട്ടെങ്കിലും വ്യക്തമാക്കപ്പെട്ടിട്ടില്ല.

4. വാർഡ് -5 ന്റെ എസ്.ബി.ഐ കാരക്കാട് ശാഖയിലെ പാസ്സ് ബുക്ക് അക്കൗണ്ട് (നം. 67039678305) പ്രകാരം 8.05.2024 ൽ ശുചീകരണ ആവശ്യങ്ങൾക്കായി 20,000/-രൂപ ക്രഡിറ്റായിട്ടുണ്ട്. ടി തുക 01.01.2025 ലെ ചെക്ക് നം.596130 പ്രകാരം 10,000/- രൂപയും 01.01.2025 ലെ തന്നെ ചെക്ക് നം.596131 പ്രകാരം 10,000/- രൂപയും ബാങ്ക് അക്കൗണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. ചെലവ് രേഖകൾ ഒന്നും ലഭിച്ചിട്ടില്ലായെന്ന് ടി വാർഡിലെ ജെ.എച്ച്.ഐ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ Pre-Monsoon ശുചീകരണത്തിനായി ലഭിച്ച ഫണ്ട് യഥാസമയം ഉപയോഗിക്കാതെ 1/2025-ൽ മാത്രമാണ് ശുചീകരണ പ്രവർത്തനങ്ങൾക്ക് പിൻവലിച്ചിട്ടുള്ളത്.

ചെലവ് രേഖകൾ ലഭ്യമാക്കാത്തത് സംബന്ധിച്ചും മേൽ സൂചിപ്പിച്ച അപാകതകൾ ശ്രദ്ധയിൽപ്പെടുത്തിയും നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം.20 തീയതി 16.10.2025) വാർഡ് 15-ന്റെയും വാർഡ് 5-ന്റെയും ജെ.എച്ച്.ഐ മാർ മാത്രമാണ് മറുപടി നൽകിയിട്ടുള്ളത്.

ക്രമ നം.1,2,4 ഇവ പ്രകാരം ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്ത സാഹചര്യത്തിൽ 40,000/- (10000+10000+20000) രൂപയുടെ ചെലവും ക്രമ നം. 3 പ്രകാരം ചെലവ് സംബന്ധിച്ച ആധികാരികത ഉറപ്പാക്കി വൗച്ചറുകൾ ജെ.എച്ച്.ഐ സാക്ഷ്യപ്പെടുത്തി നൽകാത്തതിനാൽ 20,000/-രൂപയുടെ ചെലവും ഉൾപ്പടെ 60,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആധികാരികത ഉറപ്പാക്കി ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. മസ്റ്റർ റോൾ, ഹാജർ രേഖകൾ, വേതന പേയ്മെന്റ് രേഖകൾ എന്നിവ പരിശോധിച്ച് ജോലി ചെയ്തെന്ന് ഉറപ്പാക്കി വൗച്ചറുകളിൽ ഹെൽത്ത് ഇൻസ്പെക്ടറുടെ

സാക്ഷ്യപ്പെടുത്തലുകളോട് കൂടി തൊഴിലാളികൾക്ക് വേതനം നൽകുന്നതിനും സമയബന്ധിതമായി തുക ചെലവഴിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

1-20 മത്സ്യ വികസന ഫെഡറേഷൻ ക്ലിപ്തം- സ്ഥാപനം വാടക രഹിതമായി പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്നു

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും ജില്ലാ പഞ്ചായത്ത് നിർമ്മിച്ച് നൽകിയതുമായ കെട്ടിടത്തിലാണ് നിലവിൽ മത്സ്യഫെഡ് ബേസ് സ്റ്റേഷൻ (കേരള സംസ്ഥാന സഹകരണ മത്സ്യ വികസന ഫെഡറേഷൻ ക്ലിപ്തം നം. എഫ് (റ്റി) 738) പ്രവർത്തിച്ചുവരുന്നത്. 12/205 എ നമ്പർ കെട്ടിടത്തിൽ സ്ഥാപനം മൂന്ന് വർഷത്തേക്ക് വാടക രഹിതമായി നൽകുന്നതിന് 29.11.2024-ലെ പഞ്ചായത്ത് ജനറൽ കമ്മറ്റി തീരുമാനം നം.4(1) പ്രകാരം അനുമതി നൽകിയതായി കാണുന്നു. പഞ്ചായത്തിന്റെ ആസ്തിയിൽ വാടകരഹിതമായും കരാർ രേഖകളില്ലാതെയും പ്രവർത്തിക്കുന്നതിന് അനുമതി നൽകിയ പ്രസ്തുത തീരുമാനത്തെ സാധൂകരിക്കുന്നതിനായി സർക്കാർ നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻകുയറി (നം.4 തീയതി 09.10.2025) നൽകിയിരുന്നു.കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്നും സർക്കാർ ഉത്തരവ് /സാധൂകരണം ലഭിക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും സൂചിപ്പിച്ച് എൻകുയറിക്ക് മറുപടി നൽകി. വാടക രഹിതമായി മൂന്ന് വർഷം പ്രവർത്തിക്കുന്നതിന് സർക്കാരിൽ നിന്ന് നിർദ്ദേശം/ഉത്തരവ് വാങ്ങേണ്ടതും സ്ഥാപനവുമായി ഗ്രാമ പഞ്ചായത്ത് കരാർ വെച്ച് പഞ്ചായത്ത് കെട്ടിടത്തിലെ പ്രവർത്തനം നിയമപരമാക്കേണ്ടതുമാണ്.

1-21 ആയൂർവ്വേദ ആശുപത്രിക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ-രേഖകൾ അപൂർണ്ണം

പ്രോജക്ട് നമ്പർ - S230/25

പ്രോജക്ടിന്റെ പേര് - ആയൂർവ്വേദ ആശുപത്രിക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ

അടങ്കൽ - 75,000/-

ചെലവ് - 75,000/-

1. ബിൽ നം.4/2024-25 തീയതി 27.01.2025 – തുക 73,500/-

2. ബിൽ നം.6/2024-25 തീയതി 28.02.2025 - തുക 1,500/-

മേൽ പദ്ധതി പ്രകാരം ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ, മോണിറ്റർ തുടങ്ങിയ സാധനങ്ങൾ ആർ.ജെ എന്റർപ്രൈസസ്, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. വാങ്ങൽ പ്രക്രീയ നടന്നിട്ടുള്ളത് ജെം പോർട്ടൽ മുഖാന്തിരമാണെന്ന് വ്യക്തമല്ല. വാങ്ങിയ സാധനങ്ങളുടെ സ്പെസിഫിക്കേഷനോ വിലനിരക്ക് സംബന്ധിച്ച ജെമ്മിൽ നിന്നുള്ള താരതമ്യപത്രികയോ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.23 തീയതി 16.10.2025)മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി ചെലവഴിച്ച 75,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-22 മെൻസ്ട്രുവൽ കപ്പ് വാങ്ങൽ-സ്റ്റോക്ക് വിതരണ വിവരങ്ങൾ പൂർണ്ണമല്ല

പ്രോജക്ട് നം.	S0151/24(സ്റ്റീൽ ഓവർ പദ്ധതി)
പ്രോജക്ടിന്റെ പേര്	മെൻസ്ട്രുവൽ കപ്പ് വാങ്ങൽ
അടങ്കൽ വികസനഫണ്ട് (പൊതു വിഭാഗം)	3,24,000
ചെലവ്	3,24,000

ബിൽ നം.	ടി.ആർ.എൻ.നം.2407025 2007500194031-തീയതി 23.05.2024

മെഡിക്കൽ ഓഫിസർ (സി.എച്ച്.സി) നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഈ പദ്ധതി പ്രകാരം 1080 എണ്ണം മെൻസ്ട്രുവൽ കപ്പുകൾ വാങ്ങിയതിന് എച്ച്.എൽ.എൽ ലൈഫ് കെയർ ലിമിറ്റഡിന് 3,24,000/-രൂപ നൽകിയിട്ടുണ്ട്. മെൻസ്ട്രുവൽ കപ്പുകൾ വാങ്ങിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രോഡക്ട് കോഡ്/ ഡിസ്ക്രിപ്ഷൻ	എണ്ണം	റേറ്റ്	തുക	CGST (6%)	SGST (6%)	TOTAL
MDMCP0007 മെൻസ്ട്രുവൽ കപ്പ് LSR(S)	270	267.85	72,319.50	4339.1	4339.17	80997.84
MDMCP0008 മെൻസ്ട്രുവൽ കപ്പുക LSR(M)	810	267.85	2,16,958.50	13017.51	13017.51	242993.52
TOTAL	1080		2,89,278	17356.68	17356.68	323991.36

വാങ്ങലുമായി ബന്ധപ്പെട്ട ഫയൽ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. <u>ജി.എസ്.ടി (ടി.ഡി.എസ്) ബില്ലിൽ കുറവ് ചെയ്തിട്ടില്ല</u>

ജി.എസ്.ടി നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ അതിന് മുകളിലോ മൂല്യം വരുന്ന വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരനിൽ നിന്ന്

2% തുക ജി.എസ്.ടി ഇനത്തിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത് ജി.എസ്.ടി വകുപ്പിലടക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു.
എന്നാൽ പ്രസ്തുത പർച്ചേസിൽ നിന്നും ജി.എസ്.ടി ഒഴികെയുള്ള മൂല്യത്തിന്റെ (2,89,278 രൂപയുടെ) 2% 5,785/- രൂപ ബില്ലിൽ കുറവ് വരുത്താതെയാണ് സ്ഥാപനത്തിന് തുക നൽകിയിട്ടുള്ളത്. 5,785/- രൂപ കരാർ സ്ഥാപനത്തിൽ നിന്ന് ഈടാക്കി ജി.എസ്.ടി വകുപ്പിലടക്കേണ്ടതാണ്.

2) <u>സ്റ്റോക്ക്/ വിതരണ രേഖകൾ, കരാർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല</u>
1080 എണ്ണം മെൻസ്ട്രുവൽ കപ്പുകൾ വാങ്ങി സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റേയും രേഖകൾ, സ്ഥാപനവുമായി കരാറിലേർപ്പെട്ടതിന്റെ വിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ല. മേൽസൂചിപ്പിച്ച അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.11 തീയതി 13.10.2025) മറുപടി ലഭ്യമാക്കിയില്ല. വിവിധ സബ്സെന്ററുകൾക്ക് നൽകി വിതരണം ചെയ്തുവരുന്നുവെന്ന് ഫോൺ മുഖേന അറിയിച്ചിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ ഇതിനായി ചെലവഴിച്ച 3,24,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പർച്ചേസ് ചെയ്യുന്ന സ്റ്റോറുകളുടെ കൃത്യമായ സ്റ്റോക്ക് വിതരണ വിവരങ്ങൾ സൂക്ഷിക്കുന്നതിനും കരാറിലേർപ്പെട്ടതിനുശേഷം വാങ്ങലുകൾ നടത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

<u>1-23 പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി -ആവശ്യമായ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല</u>

പ്രോജക്ട് നമ്പർ – S021/2025

പ്രോജക്ടിന്റെ പേര് - പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി

അടങ്കൽ - 2700000/-

ചെലവ് - 420000/-
ബിൽ നം. 240702520080001610 01/ 09/05/2024

നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി

മേൽ പദ്ധതി പ്രകാരം പഠനമുറി നിർമ്മാണത്തിന് 14 ഗുണഭോക്താക്കൾക്ക് 30,000/-രൂപ വീതം 4,20,000/- രൂപ മുൻകൂർ നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണത്തിന്റെ അപേക്ഷാ ഫയലുകൾ പരിശോധിച്ചതിൽ എസ്റ്റിമേറ്റ്, നിലവിലുള്ള വീടിന്റെ പ്ളാൻ, ബിൽഡിംഗ് ഡീറ്റെയിൽസ് എന്നിവ അപേക്ഷയോടൊപ്പം ഉൾപ്പെടുത്തിയിരുന്നില്ല. ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	പേരും മേൽവിലാസവും
1	അദ്വൈത് എസ്.അശോക്, ചുണ്ടലമൂടിയിൽ, കാരക്കാട്
2	ഷിബിന ഷിബു, കുഴീപൊയ്ക വടക്കേ പുത്തൻ വീട്, മുളക്കുഴ
3	അനന്യ വി., തെക്കൂട്ടത്തിൽ, വടക്കേക്കര, മുളക്കുഴ
4	ആരാദ്ധ്യബിജു, കരിമ്പനപൊയ്കയിൽ തടത്തിൽ, കൊഴുവല്ലൂർ
5	അനന്തു എസ്.കുമാർ, പ്ലാന്തോട്ടത്തിൽ, കൊഴുവല്ലൂർ
6	ബിജിത ബി., കൊച്ചുമൂടിയിൽ, മുളക്കുഴ
7	ബദ്രികിരൺ, വടക്കേക്കര താഴത്തേതിൽ, അരീക്കര

8	രഹന ആർ., ഇടയിനേത്ത് നെടിയകാലായിൽ, മുളക്കുഴ
9	അയാസ് പി.വൈ., പച്ചക്കാട്ടിൽ കിഴക്കേതിൽ, പെരിങ്ങാല, മുളക്കുഴ

ഇക്കാര്യത്തിൽ വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.24/16.10.2025) മറുപടി ലഭ്യമായിട്ടില്ല. ഇതു സംബന്ധിച്ച രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

1-24 എം.ജി.എൻ.ആർ.ഇ.ജി.എസ് പ്രവൃത്തികളിലെ അപാകതകൾ

മഹാത്മാ ഗാന്ധി ഗ്രാമീണതൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയ വർക്കുകളുടെ പരിശോധനയിൽ കണ്ടത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. മെറ്റീരിയൽ കോസ്റ്റ് ഇനത്തിൽ കരാറുകാർക്ക് നൽകുന്ന തുകയിൽ നിന്നും ജി.എസ്.ടി ഉറവിടത്തിൽ കുറവ് വരുത്തിയില്ല

ജി.എസ്.ടി നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ അതിന് മുകളിലോ മൂല്യം വരുന്ന വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരനിൽ നിന്ന് 2% തുക ജി.എസ്.ടി ഇനത്തിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത് ജി.എസ്.ടി വകുപ്പിലടക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. കൂടാതെ 30.07.2019-ലെ സർക്കുലർ നം.957/ ഇ.ജി.എസ്സ്.-സി/16/ആർ.ഇ.ജി.എസ് പ്രകാരം അന്തിമ ബിൽ അനുസരിച്ചുള്ള ജി.എസ്.ടി തുക സപ്ലെയർ ഗ്രാമ പഞ്ചായത്തിൽ നേരിട്ട് ഒടുക്കുമെന്ന് ഉറപ്പാക്കി ബിൽ സെറ്റിൽ ചെയ്യാവുന്നതും അത്തരത്തിൽ ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്ന തുക സെക്രട്ടറി യഥാസമയം ജി.എസ്.ടി വകുപ്പിൽ അടക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ 2024-25 വർഷം നടപ്പാക്കിയ താഴെപ്പറയുന്ന വർക്കുകളിൽ നിന്നും നിയമപ്രകാരം ജി.എസ്.ടി ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത് വകുപ്പിൽ അടച്ചിട്ടില്ല.

ക്രമ നം.	വർക്കിന്റെ പേര്	മെറ്റീരിയൽ കോസ്റ്റ് (ജി.എസ്.ടി ഒഴികെ)	ജി.എസ്.ടി (ടി.ഡി.എസ്)
1.	ലക്ഷം വീട് കോളനി-ആലോലിക്കൽ പടി റോഡ് കോൺക്രീറ്റിംഗ്	2,89,853 രൂപ	5,797
2.	കാഞ്ഞിരം നിൽക്കുന്നതിൽപടി-സീനായിക്കുന്ന് റോഡ് കോൺക്രീറ്റിംഗ്	3,58,523.25	7,170
	ആകെ		12,967

മേൽ വിഷയം പ്രതിപാദിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം.17 തീയതി 14.10.2025), ലഭ്യമാക്കിയ മറുപടിയിൽ വെണ്ടറിൽ നിന്നും ടി.ഡി.എസ്. ഈടാക്കി ഒടുക്കി വരുത്തുന്നതാണെന്ന് അറിയിച്ചു.വർക്കുകളുടെ ബില്ലിൽ നിന്നും കുറവ് വരുത്താതിരുന്ന ജി.എസ്.ടി. (ടി.ഡി.എസ്.) 12,967/-രൂപ കരാറുകാരിൽ നിന്നും ഈടാക്കി ജി.എസ്.ടി വകുപ്പിൽ ഒടുക്കേണ്ടതാണ്.

2. <u>വർക്കുകൾക്ക് ബോർഡ് സപ്ലൈ – എഗ്രിമെന്റ് പ്രകാരം നിർവഹിച്ച പ്രവൃത്തികളിൽ നിന്നും ഐ.ടി ഈടാക്കിയില്ല</u>

2024-25 വർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ തൊഴിലുറപ്പ് പദ്ധതിയിൽപ്പെട്ട വിവിധ വർക്കുകൾക്ക് നെയിം ബോർഡ് സപ്ലൈ ചെയ്യുന്നതിന് ഭൂമിക കുടുംബശ്രീ ബുധനൂറുമായി കരാറിലേർപ്പെടുകയും തൻവർഷം 1,80,000/-രൂപ പ്രതിഫലം നൽകുകയും ചെയ്തു. എന്നാൽ ഇവരിൽ നിന്നും ഐടി ഈടാക്കിയിട്ടില്ല. വിവിധ വർക്കുകൾക്ക് നെയിംബോർഡ് സ്ഥാപിക്കൽ എന്ന പ്രവൃത്തി കരാർ പ്രകാരം ഭൂമിക കുടുംബശ്രീ ഒറ്റ

വർക്കായി ഏറ്റെടുത്തിരുക്കുന്നുവെന്നതിനാൽ സ്ഥാപനങ്ങൾക്ക് ബാധകമാക്കേണ്ടുന്ന ഐ.ടി. 2% ബില്ലിൽ കുറവ് ചെയ്യേണ്ടതാണ്. ഐ.ടി പിടിച്ചിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം.17 തീയതി 14.10.2025) ഐ.ടി ഈടാക്കുന്നതിന് കുടുംബശ്രീ യൂണിറ്റിന് അറിയിപ്പ് നൽകിയതായി മറുപടി നൽകി. കുടുംബശ്രീ യൂണിറ്റിൽ നിന്നും 3,600/- രൂപ ആദായ നികുതി ഈടാക്കി ഒടുക്കി വരുത്തേണ്ടതാണ്.

3. <u>എം.ബുക്കിലെ മെമ്മോറാണ്ടം ഓഫ് പേയ്മെന്റ് -സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല</u>

വർക്കുകൾ പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ, എം.ബുക്കിൽ മെമ്മോറാണ്ടം ഓഫ് പേയ്മെന്റുകൾ രേഖപ്പെടുത്തുകയും അവ പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്. എന്നാൽ മിക്ക വർക്കുകളുടേയും മെമ്മോറാണ്ടം ഓഫ് പേയ്മെന്റുകൾ പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. സെക്രട്ടറി സാക്ഷ്യപ്പെടുത്തുമ്പോഴാണ് ചെലവുകൾ നിയമപരമായി ആധികാരികമാകുന്നത് എന്നതിനാൽ മെമ്മോറാണ്ടം ഓഫ് പേയ്മെന്റുകൾ പരിശോധിച്ച് സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലുകളോട് കൂടി സൂക്ഷിക്കേണ്ടതാണ്.

<u>1-25 ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികൾക്ക് ഏകീകൃത ബോർഡുകൾ സ്ഥാപിക്കൽ - ആദായനികുതി കുറവ് ചെയ്തില്ല</u>

മുളക്കുഴ പഞ്ചായത്തിലെ 2024-25 സാമ്പത്തിക വർഷ പദ്ധതിയിൽ ഉൾപ്പെട്ട പ്രോജക്ട് നം.193 പ്രകാരം അങ്കണവാടികൾക്ക് ഏകീകൃത നെയിംബോർഡ് സ്ഥാപിക്കുന്നതിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് 27 അങ്കണവാടികൾക്കും നെയിം ബോർഡ് സ്ഥാപിക്കുന്നതിനായി (Acp Vinyl Board 3ft X4ft) കമ്പോസിറ്റ് ക്ഷണിച്ച്, കുറഞ്ഞ നിരക്ക് കൊട്ട് ചെയ്ത ഇല (ELA), മുളക്കുഴ എന്ന സ്ഥാപനത്തെ പ്രവൃത്തി ഏൽപ്പിച്ച് നൽകുകയുണ്ടായി. 27 ബോർഡുകൾ സ്ഥാപിക്കുന്നതിനായി 81,000 /- രൂപ പ്രസ്തുത സ്ഥാപന ഉടമയുടെ യൂക്കോ ബാങ്കിലുള്ള 19150110039250 എന്ന അക്കൌണ്ടിലേക്ക് ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്.

എന്നാൽ തുക നൽകിയപ്പോൾ (വ്യക്തിയാകയാൽ) ഉൽഭവത്തിൽ കുറവ് ചെയ്യേണ്ടിയിരുന്ന ഒരു ശതമാനം ആദായനികുതി ബിൽതുകയിൽ നിന്ന് ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കിയിരുന്നില്ല. ഈയിനത്തിൽ ഈടാക്കേണ്ടിയിരുന്ന 810/- രൂപ പ്രസ്തുത സ്ഥാപനത്തിൽ നിന്നോ അതിന് കഴിയാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കേണ്ടതാണ്. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻകുയറിക്കു (നം.21/16.10.2025) മറുപടി ലഭ്യമാക്കിയില്ല.

<u>അനുബന്ധ വിവരം</u>

പ്രോജക്ട് – ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികൾക്ക് എകീകൃത ബോർഡുകൾ സ്ഥാപിക്കൽ(S0193/25)

അടങ്കൽ – 81,000 രൂപ (കേന്ദ്രാവിഷ്കൃത ഫണ്ട് 33000/-,തനത് ഫണ്ട് 48000/-)

ആകെ ചെലവ് – 81,000 രൂപ (കേന്ദ്രാവിഷ്കൃത ഫണ്ട് 33,000/-(വൌച്ചർ നം.22401529/30.03.2025),തനത് ഫണ്ട് 48,000/-(വൌച്ചർ നം.22401373/28.03.2025,22401432/28.03.2025))

നിർവ്വഹണം – ഐ.സി.ഡി.എസ് സൂപ്പർവൈസർ

<u>1-26 എൽ.പി സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം- പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ</u>

പ്രോജക്ടിന്റെ പേര്, നമ്പർ	എൽ.പി സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം പ്രോജക്ട് നം- S069/25
അടങ്കൽ	₹8,30,000/- ₹6,65,300/-(വികസന ഫണ്ട് -ജനറൽ) ₹1,64,700/-(തനത് ഫണ്ട്)
ചെലവ്	₹7,72,928/- ₹6,20,752/-(വികസന ഫണ്ട് -ജനറൽ)

	₹1,52,176/-(തനത് ഫണ്ട്)
ബിൽ നം./ തീയതി	BRN. 240702520007900277682, Dtd 13.06.2024, ₹2,80,351/- BRN. 24070252007901058664, Dtd 18.12.2024, ₹1,31,118 BRN. 24070252007901483878, Dtd 10.03.25, ₹2,09,283 /- Sanction No.666/21.03.2025, Dtd 21.03.2024, ₹1,52,176, Voucher No.22401343/25.03.25

ഹെഡ്മാസ്റ്റർ, ഗവ എൽ.പി.എസ്, മുളക്കുഴ നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ എൽ.പി സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നതിനായി സാമ്പത്തിക വർഷം ₹7,72,928/- ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) പഞ്ചായത്തിലെ വിവിധ സ്കൂളുകൾ ഒരേ സമയത്ത് പഞ്ചായത്ത് പരിധിയിലുള്ള വ്യത്യസ്ത കടകളിൽ നിന്ന് സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. ആ ബില്ലുകൾ പരിശോധിച്ചാൽ ഓരോ ഇനത്തിന്റെയും വിലയിൽ വ്യത്യാസങ്ങൾ ഉണ്ടെന്ന് മനസ്സിലാക്കാം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി)നം.259/2010/ത.സ്വ.ഭ.വ./08.11.2010 പ്രകാരം ₹5,000/- മുതൽ ക്വട്ടേഷൻ വഴിയും ₹25,000/-ക്ക് മുകളിലുള്ളവ ലിമിറ്റഡ് ടെണ്ടറിലൂടെയും ₹1,00,000/-ക്ക് മുകളിലുള്ളവ ഓപ്പൺ ടെണ്ടർ നടപടിയിലൂടെയുമാണ് തദ്ദേശസ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കേണ്ടത്. 5 ലക്ഷം രൂപക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ഇ-ടെണ്ടറാണ് ബാധകം. എന്നാൽ പ്രോജക്ട് നടപ്പിലാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ഇതു മൂലം കൂടുതൽ കുറഞ്ഞ നിരക്കിൽ വാങ്ങാനുള്ള അവസരം ലഭ്യമായില്ല.

2) കടകളിൽ നിന്നു നേരിട്ടു വാങ്ങൽ നടത്തിയ ബില്ലുകളും പാചകത്തിനുള്ള കൂലി

നൽകിയിട്ടുള്ള വൌച്ചറും ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. 1,000 രൂപയിൽ അധികരിച്ച വേതനം പോലുള്ള ചെലവുകൾ പണമായി കൈമാറുകമാണ് ചെയ്യുന്നത് സ.ഉ.(പി)നം.177/2006/ഫിൻ തീയതി 12.04.2006 ഉത്തരവിൽ 1,000 /- രൂപയിൽ കൂടുതൽ ഉള്ള ഏതൊരു ട്രാൻസാക്ഷനും ബാങ്ക് മുഖേന മാത്രമേ പാടുള്ളു.

3) ഗ്രാമപഞ്ചായത്തിലെ ഗവ എൽ.പി സ്കൂളുകളിലെ വിദ്യാർത്ഥികൾക്കാണ് പദ്ധതി ആനുകൂല്യം നൽകാൻ ലക്ഷ്യമിട്ടതെങ്കിലും പദ്ധതി നടപ്പിലാക്കിയ സ്കൂളിലെ അധികൃതർ ഭക്ഷണ വിതരണം സംബന്ധമായ വിവരങ്ങളൊന്നും സാക്ഷ്യപ്പെടുത്തിയിട്ടില്ല. വിതരണം നടത്തിയ തീയതി, വിതരണം നടത്തിയ എണ്ണം എന്നിവ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഫയലിൽ ഇത് സംബന്ധിച്ച രേഖകൾ ഒന്നും ഹാജരാക്കിയിട്ടില്ല.

ഈ കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻകുയറി (നം.6/09.10.2025) നൽകിയതിന് മറുപടി ലഭ്യമാക്കി.പദ്ധതിക്കാവശ്യമായ സാധനങ്ങൾ മുൻകൂട്ടി തുക ചെലവഴിച്ചു വാങ്ങുന്നതുമൂലമുണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പഞ്ചായത്ത് കമ്മറ്റിയിൽ ചർച്ചചെയ്തതിനെ തുടർന്നുണ്ടായ ധാരണയനുസരിച്ചാണു കുട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിക്കാതിരുന്നതെന്നും നിർദ്ദേശപ്രകാരമുള്ള ട്രാൻസാക്ഷനുകൾ ബാങ്ക് മുഖേന മാത്രമേ ഭാവിയിൽ നടത്തുകയുള്ളുവെന്നും വിതരണം സംബന്ധിച്ച രേഖകൾ അതാതു സ്കൂളുകളിൽ സൂക്ഷിക്കുന്നുണ്ടെന്നും അറിയിച്ചു. വിദ്യാർത്ഥികൾക്ക് വളരെയധികം പ്രയോജനം ചെയ്യുന്ന ഇതേപോലുള്ള പദ്ധതികളുടെ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ച് സുതാര്യത ഉറപ്പാക്കുന്നവിധം നടപ്പിലാക്കേണ്ടതാണ്.

1-27 ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ -മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

പ്രോജക്ടിന്റെ പേര് - എൻ.ആർ.എച്ച്.എം ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ - 3,00,000/-

ചെലവ് വിവരങ്ങൾ
ബിൽ നം.22401028/30/01/2025 - 3,00,000/-

നിർവ്വഹണം -മെഡിക്കൽ ഓഫീസർ (ആയൂർവ്വേദം)

മേൽ പദ്ധതി പ്രകാരം തനതുഫണ്ടിൽ ഉൾപ്പെടുത്തി എൻ.ആർ.എച്ച്.എം ഹോമിയോ ഡിസ്പൻസറിക്ക് മരുന്നുകൾ വാങ്ങുന്നതിന് ഹോംകോയിൽ നിന്നുള്ള പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ 3,00,000/- രൂപ നൽകിയിട്ടുണ്ട്. ഇതിൽ 68,822/-രൂപയുടെ മരുന്നുകൾ മാത്രമാണ് ഇതുവരെ ലഭ്യമായിട്ടുള്ളത്. ബാക്കി 2,31,178/- രൂപയുടെ മരുന്നുകൾ ഇനിയും ലഭ്യമാകാനുണ്ട്. ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം.19 തീയതി 16.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-28 ലൈഫ് - മുൻകൂർ കൈപ്പറ്റി മാസങ്ങൾ കഴിഞ്ഞിട്ടും വീടുപണി ആരംഭിച്ചിട്ടില്ല

ലൈഫ് ഭവന പദ്ധതിയുടെ രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ആദ്യ ഗഡുവായി 40,000/-രൂപ മുൻകൂർ ഇനത്തിൽ കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ പ്രവൃത്തി ആരംഭിച്ചതായി കാണുന്നില്ല.

ക്രമ നം.	പേരും മേൽവിലാസവും	കൈപ്പറ്റിയ തീയതി
1	ശാന്തമ്മ, പുളിക്കൽ	25.09.2021
2	ലത സരസ്വതി, വലിയവീട്ടിൽ	19.10.2023
3	മിനി, പാല നിൽക്കുന്നതിൽ	12.12.2023
4	ഭാരതി, അരക്കനാട്ടിൽ	12.12.2023

5	അംബിക വി.ആർ., വിളയശ്ശേരിൽ	05.08.2024
6	നാരായണി, കൊച്ചുപ്ലാവ് നിൽക്കുന്നതിൽ	29.01.2024

പട്ടികയിലെ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം ആരംഭിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. ആനുകൂല്യം കൈപ്പറ്റിയ ശേഷം ഭവനനിർമ്മാണം നടത്താൻ വിസമ്മതിക്കുന്ന ഗുണഭോക്താക്കളിൽ നിന്നും അവർ കൈപ്പറ്റിയ തുക പലിശ സഹിതം തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-29 ഫെസ്റ്റിവൽ അഡ്വാൻസ് - പൂർണമായും അഡ്ജസ്റ്റ് ചെയ്തില്ല

അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2024-25 സാമ്പത്തിക വർഷത്തിൽ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ ജീവനക്കാർക്ക് നൽകിയ തുകയിൽ 33,200 രൂപ തിരികെ ഈടാക്കിയിട്ടില്ല. അഡ്വാൻസ് കൈപ്പറ്റിയ ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ജീവനക്കാരന്റെ പേര്	കൈപ്പറ്റിയ തുക	തിരികെ ഈടാക്കിയത്	ഈടാക്കാൻ അവശേഷിക്കുന്നത്
മിനി എസ്., പാർട്ട് ടൈം സ്വീപ്പർ	6,000	4,800	1,200
അനിൽ സി.ജോർജ്ജ്, ഹെഡ് ക്ലെർക്ക്	20,000	16,000	4,000

ലിസ, അസിസ്റ്റന്റ് സെക്രട്ടറി	20,000	ഈടാക്കിയില്ല	20,000
അഭിലാഷ് എ.ജി., സീനിയർ ക്ലർക്ക്	20,000	1,20,000	8,000

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറി നമ്പർ 14/13.10.2025 ന് നൽകിയ മറുപടിയിൽ അപാകത സംബന്ധിച്ച വിശദാംശം പരിശോധിച്ച് വരുന്നതായി അറിയിച്ചു. ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന തുക 33,200 രൂപ ഉത്തരവാദികളിൽ നിന്ന് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-30 സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ - പ്രവർത്തി പൂർത്തീകരിച്ചില്ല

സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികൾ പ്രകാരം സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കലിനായി ചുവടെ ചേർക്കും വിധം കെ.എസ്.ഇ.ബി.ക്ക് തുക നൽകിയിട്ടുണ്ട്.

പ്രോജക്ട് നം.	പ്രോജക്ടിന്റെ പേര്	ചെലവഴിച്ച തുക
S0234/25	വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ	1)500133രൂപ(TRN.240702000000020955/22.3.2025) 2)299867രൂപ(TRN.240702000000020953/22.3.2025) 3)400000 (ചെക്ക് നം.5972934/22.3.2025)
S0223/25	വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ 2023-24	440797 (ചെക്ക് നം.000995/7.11.2024)

മേൽ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറി നമ്പർ 27/17.10.25 ന് മറുപടി നൽകിയില്ല. മേൽ പദ്ധതികൾക്കായി വിനിയോഗിച്ച 16,40,797 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-31 കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചില്ല

സെക്രട്ടറി നിർവഹണം ചെയ്ത പദ്ധതികൾ പ്രകാരം കുടിവെള്ള പദ്ധതികൾക്കായി ഭൂജല വകുപ്പിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ	പ്രോജക്ടിന്റെ പേര്	ചെലവഴിച്ച തുക
206/25	വാർഡ് 11 ൽ അങ്കണവാടി നമ്പർ 73, പകൽ വീട് പി.എച്ച്.സി.സബ് സെൻറർ എന്നിവയ്ക്ക് കുടിവെള്ള പദ്ധതി	376000 (100000 രൂപ ചെക്ക് നം. 002906/14.2.25, 276000 വൌച്ചർ നം. XVFC/24-25/P/11/17.2.2025)
298/25	കക്കോട് കുടിവെള്ള പദ്ധതി വാട്ടർ ടാങ്ക് സ്ഥാപിക്കൽ	53000(ചെക്ക് നം.5972923/ 22.1.25)

ഈ പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറി നമ്പർ 16/14.10.2025 ന് മറുപടി നൽകിയില്ല. മേൽ പദ്ധതികൾക്കായി വിനിയോഗിച്ച 4,29,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-32 കുടിവെള്ള വിതരണം - ചെലവ് രേഖകൾ അപൂർണം

കുടിവെള്ള വിതരണത്തിനായി തൻവർഷം രണ്ട് പ്രോജക്ടുകൾ (പ്രോജക്ട് നമ്പർ S0009/25, പ്രോജക്ട് നം- S0208/25) സെക്രട്ടറി നിർവഹണം നടത്തിയിട്ടുണ്ട്. രണ്ട് പ്രോജക്ടിലുമായി 18,14,278 രൂപ(1204366+609912) കുടിവെള്ള വിതരണത്തിനായി തൻവർഷം ചെലവഴിച്ചിട്ടുണ്ട്. ഈ പ്രോജക്ടുകളുടെ ഫയലുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

I) പ്രോജക്ട് നമ്പർ S0009/25

പ്രോജക്ടിന്റെ പേര് - വരൾച്ചയിൽ കുടിവെള്ള വിതരണം

ചെലവ്

1) 900000 (TRN 240702000000006670/2.8.2024, വികസന ഫണ്ട്)

2) 300000 (ചെക്ക് നം .8469153/31.7.24, തനത് ഫണ്ട്)

എ) മേൽ പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് KL31B3948, KL08AA5456 എന്നീ വാഹനങ്ങൾ കുടിവെള്ള വിതരണത്തിനായി ഉപയോഗിച്ചിട്ടുണ്ട്. ഫയലിൽ പ്രതിമാസ ജി.പി.എസ്. റിപ്പോർട്ട് ഉൾപ്പെടുത്തിയില്ല. 1.3.24 മുതൽ 18.5.24 വരെയുള്ള കാലയളവിലേക്ക് ഒറ്റ റിപ്പോർട്ടാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

ബി) ജി.പി.എസ്. റിപ്പോർട്ട് പരിശോധിച്ചതിൽ KL31B3948 എന്ന വാഹനം 1.3.24 മുതൽ 18.5.24 വരെയും KL08AA5456 എന്ന വാഹനം 1.3.24 മുതൽ 18.5.24 വരെയും സപ്ലൈ ചെയ്ത വെള്ളത്തിന്റെ വാട്ടർ അതോറിറ്റിയിൽ നിന്നുള്ള ഇൻവോയ്സ്/ബിൽ ഇല്ല.

സി) 3,00,000 രൂപയിൽ നിന്നും ആദായ നികുതി ഇനത്തിൽ 12,000 രൂപ കുറവ് ചെയ്തതിന് ശേഷം 2,88,000 രൂപയാണ് കരാറുകാരനായ ശ്രീ രാജഗോപാലിന് നൽകിയത്. ഐ.ടി.ടി.ഡി.എസ് ഇനത്തിലുള്ള 12,000 രൂപ ആദായ നികുതി വകുപ്പിൽ അടച്ചതിന്റെ വിശദാംശം ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഡി) വാട്ടർ അതോറിറ്റിയിൽ നിന്ന് നൽകിയ കുടിവെള്ളത്തിന്റെ വിവരങ്ങൾ അടങ്ങിയതും വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭിക്കുന്നതുമായ ട്രിപ്പ് ഷീറ്റ് KL 08AA 5456

എന്ന വാഹനത്തിന്റെ മാത്രമേ ഫയലിൽ ഉള്ളൂ (8.3.24 മുതൽ 30.3.24 വരെ) . ടി വാഹനത്തിന്റെ 4/24 , 5/24 എന്നീ മാസങ്ങളിലെ ട്രിപ്പ് ഷീറ്റ് ഇല്ല.

ഇ) KL31B3948 എന്ന വാഹനത്തിന്റെ വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭിക്കുന്ന ട്രിപ്പ് ഷീറ്റില്ല. എഫ്) സൂലേഖ ചെലവ് പത്രിക പ്രകാരം ഈ പദ്ധതിക്കായി ആകെ 12,04,366 രൂപയുടെ ചെലവ് കാണുന്നു. എന്നാൽ 4366 രൂപയുടെ ചെലവ് വൗച്ചർ ഫയലിൽ ലഭ്യമല്ല.

II) പ്രോജക്ട് നം- S0208/25

പ്രോജക്ടിന്റെ പേര്- വരൾച്ചയിൽ കുടിവെള്ള വിതരണം

ചെലവ്

1) 9912 (ചെക്ക് നം. 8469151/19.7.24, തനത് ഫണ്ട്)
2) 600000 (ചെക്ക് നം. 000587/7.5.24, തനത് ഫണ്ട്)

എ) 6,00,000 രൂപയുടെ ചെക്കിൽ നിന്നും ആദായ നികുതി ഇനത്തിൽ 6,000 രൂപ കുറവ് ചെയ്തതിന് ശേഷം 5,94,000 രൂപയാണ് കരാറുകാരനായ ശ്രീ.രാജഗോപാലിന് നൽകിയത്. ഐ.ടി.ടി.ഡി.എസ് ഇനത്തിലുള്ള 6,000 രൂപ ആദായ നികുതി വകുപ്പിൽ അടച്ചതിന്റെ വിശദാംശം ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

ബി) 9,912 രൂപ ജി.പി.എസ് വാടകയിനത്തിൽ നെസ്സ സൊല്യൂഷൻസ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ജി.പി.എസ്. നിരക്ക് അംഗീകരിച്ച ജില്ലാ കളക്ടറുടെ ഉത്തരവ് ഫയലിൽ ലഭ്യമല്ല. അതിനാൽ ജി.പി.എസിന്റെ വാടകയിനത്തിൽ ചെലവഴിച്ച തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.
സി) ഈ പദ്ധതി പ്രകാരം ക്രമ നമ്പർ 1 പ്രോജക്ടിന്റെ ബാക്കി തുക കരാറുകാരന് നൽകിയിട്ടുണ്ട് . കുടിവെള്ളവിതരണത്തിനായി പരമാവധി 18,00,000 ലക്ഷം രൂപ ഗ്രാമ പഞ്ചായത്തുകൾക്ക് വിനിയോഗിക്കാമെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട് (സർക്കാർ ഉത്തരവ് നമ്പർ 405/2024/LSGD/19.2.24) .എന്നാൽ മേൽ രണ്ട് പദ്ധതികൾ പ്രകാരം 14,278 രൂപ(1814278-1800000) അധികം ചെലവഴിച്ചതായി കാണുന്നു. അധികം ചെലവഴിച്ച 14,278 രൂപ

നിർവഹണ ഉദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് അടക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻകുയറി നമ്പർ 18/15.10.25 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ മേൽ സൂചിത രണ്ട് പദ്ധതികൾക്കായി വിനിയോഗിച്ച 18,14,278 രൂപയിൽ തിരികെ അടക്കാൻ നിർദ്ദേശിച്ച 14,278 രൂപ ഒഴികെയുള്ള 18,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-33 ജൽജീവൻ പദ്ധതി-അവലോകനം

ഗ്രാമീണ പ്രദേശങ്ങളിലെ എല്ലാ വീടുകളിലേക്കും ഗാർഹിക കുടിവെള്ള കണക്ഷൻ ഉറപ്പാക്കുന്നതിനായി കേന്ദ്രം, സംസ്ഥാനങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവ സംയുക്തമായി നടപ്പാക്കുന്ന ഒരു സമഗ്ര പദ്ധതിയാണ് ജൽ ജീവൻ. വീടുകളിൽ ടാപ്പുകൾ വഴി ശുദ്ധജലം എത്തിക്കുന്നതും, ഓരോ കുടുംബത്തിനും മതിയായ അളവിലും ഗുണനിലവാരത്തിലുമായ കുടിവെള്ളം മുടങ്ങാതെ ലഭ്യമാക്കുന്നതും ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളാണ്.

കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ എല്ലാ വീടുകളിലും 2024 നുള്ളിൽ പ്രവർത്തനക്ഷമമായ ടാപ്പ് കണക്ഷനുകൾ ലഭ്യമാക്കുക, വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യകേന്ദ്രങ്ങൾ, പൊതുകെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ കുടിവെള്ള ടാപ്പുകൾ നൽകുക തുടങ്ങിയവയാണ് കേരളത്തിലെ ജൽജീവൻ മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ. കേരളത്തിൽ വാട്ടർ അതോറിറ്റി നടപ്പാക്കുന്ന ജലജീവൻ പദ്ധതിയിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വിഹിതം 15% ഉം, ഗുണഭോക്തൃ വിഹിതം 10% ഉം ആണ്.

മുളക്കുഴ ഗ്രാമപഞ്ചായത്തിൽ ജൽജീവൻ പദ്ധതിയുടെ ഭാഗമായി കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് 2021-22 മുതൽ 2024-25 വരെയുള്ള സാമ്പത്തിക

വർഷങ്ങളിൽ തുകയൊന്നും വകയിരുത്തുകയോ വാട്ടർ അതോറിറ്റിയ്ക്ക് നൽകുകയോ ചെയ്തിട്ടില്ല. എല്ലാ വീടുകൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള ജൽജീവൻ പദ്ധതി നടപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതായിരുന്നുവെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

എല്ലാ ഗ്രാമീണ കുടുംബങ്ങൾക്കും പൊതുസ്ഥാപനങ്ങൾക്കും ദീർഘകാലാടിസ്ഥാനത്തിൽ ശുദ്ധജല സുരക്ഷയും, കുടിവെള്ള ലഭ്യതയും ഉറപ്പാക്കുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് ഇനിയും ഏറെ ദൂരം മുൻപോട്ട് പോകേണ്ടതുണ്ട്. അതിനാവശ്യമായ സത്വര നടപടികൾ സ്വീകരിയേ്ക്കണ്ടതാണ്.

1-34 ഹെൽത്ത് ഗ്രാന്റ് വിനിയോഗം-ഫലപ്രാപ്തി-അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷൻ (FC-XV) 2021-22 മുതൽ 2025-26 വരെയുള്ള കാലയളവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആകെ ₹4,27,911 കോടി ഗ്രാന്റ് ശുപാർശ ചെയ്തിട്ടുണ്ട്, ഇതിൽ ₹70,051 കോടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള ആരോഗ്യ ഗ്രാന്റുകൾക്കായി പ്രത്യേകം നീക്കിവച്ചിട്ടുണ്ട്. ഇതിൽ ഗ്രാമീണ, നഗര, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റുകളും ഉൾപ്പെടുന്നു. അടിസ്ഥാന തലത്തിൽ പ്രാഥമിക ആരോഗ്യ സേവനങ്ങൾ ശക്തിപ്പെടുത്തുകയും മൊത്തത്തിലുള്ള ആരോഗ്യ ഫലങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക എന്നതാണ് ലക്ഷ്യം.

ഹെൽത്ത് ഗ്രാന്റ് -വരവ്

ക്രമ നം.	സ്കീം	2021-22	2022-23	2023-24	2024-25
1	സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക്	2,29,094	6,70,000	4,78,000	0

	സബ് സെന്റേഴ്സ്				
2	കൺവേർഷൻ ഓഫ് റൂറൽ പിഎച്ച്സി ആൻഡ് സബ്സെന്റേഴ്സ് ഇന്റു വെൽനെസ്സ് സെന്റേഴ്സ്	88,981	2,96,000	4,71,000	0

ഹെൽത്ത് ഗ്രാന്റ് -ചെലവ്

ക്രമ നം.	സ്കീം	2021-22	2022-23	2023-24	2024-25
1	സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് സബ് സെന്റേഴ്സ്	1,45,585	4,77,146	0	-
2	കൺവേർഷൻ ഓഫ് റൂറൽ പിഎച്ച്സി ആൻഡ് സബ്സെന്റേഴ്സ് ഇന്റു വെൽനെസ്സ് സെന്റേഴ്സ്	88,917	2,95,131	4,684	-

ഫണ്ട് വിനിയോഗം

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് HbA1c അനലൈസർ, മോഡുലാർ മെഡിസിൻ റാക്ക് എന്നിവ വാങ്ങിയിട്ടുണ്ട്. വാർഷിക കണക്കുകൾ പ്രകാരം സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് സബ് സെന്റേഴ്സ് എന്ന വിഭാഗത്തിൽ 6,03,240 രൂപയും കൺവേർഷൻ ഓഫ് റൂറൽ പിഎച്ച്സി ആൻഡ് സബ്സെന്റേഴ്സ് ഇന്റു വെൽനെസ്സ് സെന്റേഴ്സ് എന്ന ഇനത്തിൽ 4,90,630 രൂപയും നീക്കി ബാക്കിയുണ്ട്. (അവലംബം- ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ). ലഭിച്ച ഗ്രാന്റിൽ 10

ലക്ഷത്തിലധികം തുക ചെലവഴിക്കപ്പെടാതെ ശേഷിക്കുന്നുണ്ട്. ഹെൽത്ത് ഗ്രാന്റുകൾ സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടുകളിൽ നിന്നുള്ള പലിശയിനത്തിൽ 36,641 രൂപ ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെയും ഉപകേന്ദ്രങ്ങളുടെയും ശക്തമായ ശൃംഖല ഉൾപ്പെടെയുള്ള കേരളത്തിലെ പൊതുജനാരോഗ്യ സംവിധാനം, ജനസംഖ്യയുടെ വലിയൊരു വിഭാഗത്തിന് ആരോഗ്യ സേവനങ്ങൾ പ്രാപ്യമാണെന്ന് ഉറപ്പാക്കുന്നുണ്ട്. മേഖലയെ ശാക്തീകരിക്കുന്നതിന് ലഭ്യമായ ഫണ്ട് വിനിയോഗിച്ച് പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 കുടിവെള്ള വിതരണം - ചെലവ് രേഖകൾ അപൂർണം

കുടിവെള്ള വിതരണത്തിനായി തൻവർഷം രണ്ട് പ്രോജക്ടുകൾ (പ്രോജക്ട് നമ്പർ S0009/25, പ്രോജക്ട് നം- S0208/25) സെക്രട്ടറി നിർവഹണം നടത്തിയിട്ടുണ്ട്. ഈ പ്രോജക്ടുകളുടെ ഫയലുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു

1) പ്രോജക്ട് നമ്പർ S0009/25

പ്രോജക്ടിന്റെ പേര് - വരൾച്ചയിൽ കുടിവെള്ള വിതരണം

ചെലവ്

1) 900000 (TRN 240702000000006670, വികസന ഫണ്ട്)

2) 300000 (ചെക്ക് നം .8469153/31.7.24, തനത് ഫണ്ട്)

എ) മേൽ പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് KL31B3948, KL08AA5456 എന്നീ വാഹനങ്ങൾ കുടിവെള്ള വിതരണത്തിനായി ഉപയോഗിച്ചിട്ടുണ്ട്. ഫയലിൽ പ്രതിമാസ ജി.പി.എസ്.റിപ്പോർട്ട് ഉൾപ്പെടുത്തിയില്ല. 1.3.24 മുതൽ 18.5.24 വരെയുള്ള കാലയളവിലേക്ക് ഒറ്റ റിപ്പോർട്ടാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

ബി) ജി.പി.എസ്.റിപ്പോർട്ട് പരിശോധിച്ചതിൽ KL31B3948 എന്ന വാഹനം 1.3.24 മുതൽ 18.5.24 വരെയും KL08AA5456 എന്ന വാഹനം 1.3.24 മുതൽ 18.5.24 വരെയും സപ്ലൈ ചെയ്ത വെള്ളത്തിന്റെ വാട്ടർ അതോറിറ്റിയിൽ നിന്നുള്ള ഇൻവോയ്സ് / ബിൽ ഇല്ല.

സി) 3,00,000 രൂപയിൽ നിന്നും ആദായ നികുതി ഇനത്തിൽ 12,000 രൂപ കുറവ് ചെയ്തതിന് ശേഷം 2,88,000 രൂപയാണ് കരാറുകാരനായ ശ്രീ.രാജഗോപാലിന് നൽകിയത്. ഐ.ടി.ടി.ഡി.എസ് ഇനത്തിലുള്ള 12,000 രൂപ ആദായ നികുതി വകുപ്പിൽ അടച്ചതിന്റെ വിശദാംശം ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഡി) വാട്ടർ അതോറിറ്റിയിൽ നിന്ന് നൽകിയ കുടിവെള്ളത്തിന്റെ വിവരങ്ങൾ അടങ്ങിയതും വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭിക്കുന്നതുമായ ട്രിപ്പ് ഷീറ്റ് KL 08AA 5456 എന്ന വാഹനത്തിന്റെ മാത്രമേ ഫയലിൽ ഉള്ളൂ (8.3.24 മുതൽ 30.3.24 വരെ). ടി വാഹനത്തിന്റെ 4/24 , 5/24 എന്നീ മാസങ്ങളിലെ ട്രിപ്പ് ഷീറ്റ് ഇല്ല.

ഇ) KL31B3948 എന്ന വാഹനത്തിന്റെ വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭിക്കുന്ന ട്രിപ്പ് ഷീറ്റില്ല

എഫ്) സുലേഖ ചെലവ് പത്രിക പ്രകാരം ഈ പദ്ധതിക്കായി ആകെ 12,04,366 രൂപയുടെ ചെലവ് കാണുന്നു. എന്നാൽ 4,366 രൂപയുടെ ചെലവ് വൗച്ചർ ഫയലിൽ ലഭ്യമല്ല.

2)പ്രോജക്ട് നം- S0208/25

പ്രോജക്ടിന്റെ പേര്- വരൾച്ചയിൽ കുടിവെള്ള വിതരണം

ചെലവ്

1) 9912 (ചെക്ക് നം. 8469151/19.7.24, തനത് ഫണ്ട്)

2) 600000 (ചെക്ക് നം. 000587/7.5.24, തനത് ഫണ്ട്)

എ) 6,00,000 രൂപയുടെ ചെക്കിൽ നിന്നും ആദായ നികുതി ഇനത്തിൽ 6,000 രൂപ കുറവ് ചെയ്തതിന് ശേഷം 5,94,000 രൂപയാണ് കരാറുകാരനായ ശ്രീ.രാജഗോപാലിന് നൽകിയത്. ഐ.ടി.ടി.ഡി.എസ് ഇനത്തിലുള്ള 6,000 രൂപ ആദായ നികുതി വകുപ്പിൽ അടച്ചതിന്റെ വിശദാംശം ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

ബി) 9,912 രൂപ ജി.പി.എസ് വാടകയിനത്തിൽ നെസ്സ സൊല്യൂഷൻസ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ജി.പി.എസ്. നിരക്ക് അംഗീകരിച്ച ജില്ലാ കളക്ടറുടെ ഉത്തരവ് ഫയലിൽ ലഭ്യമല്ല. അതിനാൽ ജി.പി.എസിന്റെ വാടകയിനത്തിൽ ചെലവഴിച്ച തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

സി) ഈ പദ്ധതി പ്രകാരം ക്രമ നമ്പർ 1 പ്രോജക്ടിന്റെ ബാക്കി തുക കരാറുകാരന് നൽകിയിട്ടുണ്ട്. കുടിവെള്ളവിതരണത്തിനായി പരമാവധി 18,00,000 ലക്ഷം രൂപ ഗ്രാമ പഞ്ചായത്തുകൾക്ക് വിനിയോഗിക്കാമെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട് (സർക്കാർ ഉത്തരവ് നമ്പർ 405/2024/LSGD/19.2.24). എന്നാൽ മേൽ രണ്ട് പദ്ധതികൾ പ്രകാരം 14,278 രൂപ അധികം ചെലവഴിച്ചതായി കാണുന്നു. അധികം ചെലവഴിച്ച 14,278 രൂപ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് അടക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻകുയറി നമ്പർ 18/15.10.25 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ മേൽ സൂചിത രണ്ട് പദ്ധതികൾക്കായി വിനിയോഗിച്ച 18,14,278 രൂപയിൽ

തിരികെ അടക്കാൻ നിർദ്ദേശിച്ച 14,278 രൂപ ഒഴികെയുള്ള 18,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ്പ് പ്രീമിയം ഒടുക്കിയതിന്റെ വിവരം

1) മെഡിസെപ്പ് പ്രീമിയം ഒടുക്ക് – റഗുലർ ജീവനക്കാർ

ഓഡിറ്റ് വർഷത്തെ ജീവനക്കാരുടെ എണ്ണം	മെഡിസെപ്പ് പ്രീമിയമിനത്തിൽ ഈടാക്കിയ തുക	മെഡിസെപ്പ് പ്രീമിയമിനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
13	78,000	78,000	0	

2) **മെഡിസെപ്പ് പ്രീമിയം ഒടുക്ക് – (1.4.24 മുതൽ 30.6.24 വരെ സർവ്വീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാർ)**

ഇല്ല

3) മെഡിസെപ്പ് പ്രീമിയം ഒടുക്ക് – (1.7.24 ൽ സർവ്വീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാർ)

ഇല്ല

4) **മെഡിസെപ്പ് പ്രീമിയം ഒടുക്ക് – (1.8.24 മുതൽ 31.3.25 വരെ സർവ്വീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാർ)**

ഇല്ല

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	വർഷം	ലഭിച്ചതുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2024-25	1,00,500	നെൽ കൃഷി വികസനം	1,00,500	0
ബ്ലോക്ക് പഞ്ചായത്ത്	2024-25	2,00,000	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പും ബത്തയും	2,00,000	0
ബ്ലോക്ക് പഞ്ചായത്ത്	2024-25	80,000	ക്ഷീരകർഷകർക്ക് പാലിന് ഇൻസന്റീവ്	80,000	0
ബ്ലോക്ക് പഞ്ചായത്ത്	2024-25	65,967	പാലിന് സബ്സിഡി	65,967	0
ബ്ലോക്ക് പഞ്ചായത്ത്	2024-25	15,60,000	ലൈഫ് ഭവനപദ്ധതി (എസ്.സി.പി)	15,60,000	0
ആകെ		20,06,467		20,06,467	
ജില്ലാ പഞ്ചായത്ത്	2024-25	4,50,000	നെൽ കൃഷി വികസനം	4,50,000	0

ജില്ലാ പഞ്ചായത്ത്	2024-25	1,35,000	നെൽ കൃഷി വികസനം	1,35,000	0
ജില്ലാ പഞ്ചായത്ത്	2024-25	1,00,000	അനുപൂരക പോഷകാഹാര പരിപാടി	1,00,000	0
ജില്ലാ പഞ്ചായത്ത്	2024-25	1,00,000	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പും ബത്തയും	1,00,000	0
ജില്ലാപഞ്ചായത്ത്	2024-25	5,000	ക്ഷീരകർഷകർക്ക് പാലിന് ഇൻസന്റീവ്	5,000	0
ജില്ലാപഞ്ചായത്ത്	2024-25	50,000	പാലിന് സബ്സിഡി	50,000	0
ജില്ലാപഞ്ചായത്ത്	2024-25	9,80,000	ലൈഫ് ഭവനപദ്ധതി (എസ്.സി.പി)	9,80,000	0
ആകെ		18,20,000		18,20,000	

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്കുനം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കെ.എസ്. ഇ.ബി മുളക്കുഴ	വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ, S234/25	1.TRN.240702000000020955/ 22.3.2025-5,00,133/-രൂപ 2.TRN.240702000000020953/ 22.3.2025-2,99,867/-രൂപ 3.ചെക്കുനം.5972934/ 22.3.2025- 4,00,000/-രൂപ	12,00,000	0	12,00,000
കെ.എസ്. ഇ.ബി മുളക്കുഴ	വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ 2023-24, S223/25	ചെക്ക് നം.000995/7.11.2024	4,40,797	0	4,40,797
ഭൂജല വകുപ്പ്	വാർഡിലെ 11 ൽ അങ്കണവാടി നമ്പർ 73 പകൽവീട് പി.എച്ച്.സി സബ് സെന്റർ എന്നിവയ്ക്ക് കുടിവെള്ള പദ്ധതി (S206/25)	1.ചെക്ക് നം.002906/14.2.25 -100000/- 2.വൗച്ചർ നം. XVFC/24-25/P/11/17.2.2025 -276000	3,76,000	0	3,76,000

ഭൂജല വകുപ്പ്	കക്കോട് കുടിവെള്ള പദ്ധതി വാട്ടർടാങ്ക് സ്ഥാപിക്കൽ	ചെക്ക് നം.5972923/22.1.25	53,000	0	53,000

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

4-5 വായ്പ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ ഇനത്തിൽ 28,82,236 രൂപയുടെ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തീയതി	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (AFS പ്രകാരം)	തൻവർഷ വായ്പ തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ലൈഫ് ഭവനവായ്പ	-	19,30,642	28,82,236	8,81,753		39,31,125

4-6 സ്ഥിരനിക്ഷേപം

ഈയിനത്തിൽ തൻവർഷം ലഭിച്ച വരവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിരനിക്ഷേപം	16,78,257
തൻവർഷം നിക്ഷേപിച്ച തുക (പലിശ)	76,596
ആകെ	1,754,853
പിൻവലിച്ച തുക	ഇല്ല
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	1,754,853

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

ഇൻഡ്യൻ ഓവർസീസ് ബാങ്ക്	തുക	Rt.No.
	1,754,853	0768835

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ പഞ്ചായത്തിനെ സംബന്ധിക്കുന്ന പരാമർശം ഉൾപ്പെട്ടിട്ടില്ല.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ്ജ് /സർചാർജ്ജ് നടപടികളിലൂടെ തുകയൊന്നും ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	7,04,94,121
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	5,73,98,074
വരവിനങ്ങളിലുള്ള നഷ്ടം		ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക		14,278/-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	43,73,097/-

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
3-1(1-32)		14,278	ജയൻ ടി.വി., സെക്രട്ടറി
ആകെ	ഇല്ല	14,278	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-18	44,300	ജയശ്രീ എ., ഹെഡ്മിസ്ട്രസ്സ്, ഗവ എൽ.പി.എസ്.
1-19	60,000	ദിവ്യ ആർ., മെഡിക്കൽ ഓഫിസർ, (പി.എച്ച്.സി)

1-21	75,000	രാജി ആർ., മെഡിക്കൽ ഓഫിസർ, ആയുർവേദം
1-22	3,24,000	ദിവ്യ ആർ., മെഡിക്കൽ ഓഫിസർ, (പി.എച്ച്.സി)
1-30	16,40,797	എ.വി.അജി കുമാർ, സെക്രട്ടറി
1-31	4,29,000	എ.വി.അജി കുമാർ, സെക്രട്ടറി
1-32	18,00,000	ജയൻ ടിവി., സെക്രട്ടറി
ആകെ	43,73,097	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക
1-22(1)	5,785(ജി.എസ്.ടി.)
1-24(1)	12,967(ജി.എസ്.ടി.)
1-24(2)	3,600(ഐ.ടി.)
1-25	810(ഐ.ടി.)
	23,162

(ഡി) നഷ്ടം നിജപ്പെട്ടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ജയശ്രീ എ., ഹെഡ്മിസ്ട്രസ്	ഹെഡ്മിസ്ട്രസ് ഗവ എൽ.പി.എസ് മുളക്കുഴ	കൃഷ്ണ വിലാസം, തോന്നല്ലൂർ, പന്തളം പി.ഒ., പത്തനംതിട്ട
രാജി ആർ., മെഡിക്കൽ ഓഫിസർ, ആയുർവേദം	മെഡിക്കൽ ഓഫിസർ, ആയുർവേദ ഡിസ്പെൻസറി മുളക്കുഴ	കല്ലുകടവിൽ ഹൗസ് പെരുംതുരുത്തി തിരുവല്ല, പത്തനംതിട്ട
എ.വി.അജി കുമാർ, സെക്രട്ടറി	സെക്രട്ടറി, മുളക്കുഴ ഗ്രാമപഞ്ചായത്ത്	സാരംഗി, ഐരാണിക്കുടി പി.ഒ., മാവേലിക്കര
ജയൻ ടി.വി., സെക്രട്ടറി	സെക്രട്ടറി ചുനക്കര ഗ്രാമ പഞ്ചായത്ത്	സരസ്വതി മഠം, കടുവുങ്കൽ, വള്ളികുന്നം
ദിവ്യ ആർ., മെഡിക്കൽ	മെഡിക്കൽ ഓഫീസർ	സ്വപ്ന ഭവൻ സ്റ്റേഡിയം

ഓഫീസർ (പി.എച്ച്.സി.)	(പി.എച്ച്.സി)	വാർഡ് ആലപ്പുഴ

4-11 തീർപ്പാക്കാൻ അവശേഷിയ്ക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1997-98 (ചെലവ്)	കെ.എസ്.എ-എ.എൽ.പി-പി.5-1583/2022/16.05.23
1998-99	
2000-01	
2003-04	
2004-05	
2006-07	
2007-08	
2008-09	
2009-10&2010-11	
2011-12, 2012-13	
2013-14	
2014-15	
2015-16	
2016-17	
2017-18	

2018-19	
2019-20	നം.കെ.എസ്.എ-എ.എൽ.പി –പി-5-264/2022/27.03.2022
2020-21	നം.കെ.എസ്.എ-എ.എൽ.പി –P-5/577/2022/03.07.2022
2021-22	നം.കെ.എസ്.എ-എ.എൽ.പി – P-5/157/2023/23.02.2023
2022-23	നം.കെ.എസ്.എ-എ.എൽ.പി – P-5/1060/2023/3.10.23
2023-24	നം.കെ.എസ്.എ-എ.എൽ.പി – P-5 -869/2024/07.11.2024

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 4 dated 4 dated 30-05-2025 and submitted on 17-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Mulakkuzha Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Mulakkuzha Grama Panchayat as on 31-03-2025

Date: 15/12/2025 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Mulakkuzha Grama Panchayat for the Year 2024-2025.

1.Major Observations

1) suchitwa Mission grant, the amount maintained in the bank account does not correspond to the liability shown in the accounts.

2.Other Observations

1) Various bank accounts without any transactions exists in Annual Accounts.
2) DCB SB A/c No. 6269 has been now continued as A/c No. 125012301035299 in Kerala Bank, still it has been included in annual accounts.
3) The amount of Rs,19,53,000 received as the Tied Grant has been receipted under Basic Grant.So CFC Grant does not reconcile with AFS.
4) SBI e-payment account, the reconciliation statement is not accurate.
5) Register of Profession tax is not properly authenticated and maintained.
6) The DCB statement of Property tax do not match between the AFS and Sanchaya.
7) In CFC grant opening balance of ledger doesnot match with AFS.
8) The Expenditure of NREGS Scheme does not match with annual financial statement.
9) The amount included in the B-5 , B-16 schedules, does not match with each other.

Deputy Director

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്